# <u>വാർഷിക ഭരണ റിപ്പോർട്ട് 2021–2022</u>

## <u>മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്</u>

**<u>ആമുഖം</u>**

നമ്മുടെ സംസ്ഥാനത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ഒന്നാം പഞ്ചവത്സര പദ്ധതി മുതൽ (1955) തന്നെ നടപ്പിലാക്കി വരുന്നു. പ്രകൃതി വിഭവസംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് 1963 ൽ സംസ്ഥാന മണ്ണുസംരക്ഷണ വകുപ്പ് നിലവിൽ വന്നു. തുടർന്ന് 1969 മുതൽ കൃഷിവകുപ്പിന്റെ കീഴിൽ എസ്സ്.സി. (സോയിൽ കൺസർവേഷൻ) യൂണിറ്റായി പ്രവർത്തിച്ചു വരികയായിരുന്നു. ഈ യൂണിറ്റിന് കീഴിൽ മണ്ണു പര്യവേക്ഷണ വിഭാഗവും മണ്ണ് സംരക്ഷണ വിഭാഗവും പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നു. സംസ്ഥാനത്ത് പ്രകൃതിവിഭവ സംരക്ഷണവും പരിപാലനവും നീർത്തടാധിഷ്ഠിത വികസനവും മുൻഗണന നൽകേണ്ട വിഷയങ്ങളാണെന്ന് മനസ്സിലാക്കിക്കൊണ്ട് 2012 ജൂൺ ഒന്നാം തീയതി 31.5.2012ലെ ജി. ഒ.(എം.എസ്സ്.)134/2012 എ.ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നിലവിൽ വന്നു.

മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അമൂല്യങ്ങളായ പ്രകൃതി വിഭവങ്ങളുടെ ശാസ്ത്രീയമായ വിവരശേഖരണം നടത്തുകയും മണ്ണിന്റെ ഘടന, രാസ ഭൗതീക സ്വഭാവങ്ങൾ, കഴിവുകൾ, പരിമിതികൾ എന്നിവ കൃത്യമായി അപഗ്രഥിച്ച് അതിന്റെ അടിസ്ഥാനത്തിൽ ആ പ്രദേശത്തിന്റെ സുസ്ഥിരവികസനത്തിനായുള്ള വികസന പദ്ധതികളും, വിവിധ മണ്ണു ജലസംരക്ഷണ പദ്ധതികളും ശാസ്ത്രീയമായി നടപ്പിലാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെയാണ് മണ്ണു പര്യവേക്ഷണ സംരക്ഷണ വകുപ്പ് പ്രവർത്തിയ്ക്കുന്നത്.

വാട്ടർഷെഡ് അടിസ്ഥാനത്തിൽ ഉള്ള വികസന പ്രവർത്തനങ്ങൾക്കും മണ്ണിന്റെ ആരോഗ്യപരിപാലനത്തിനും ഭൂവിഭവ സമാഹരണത്തിനും ഊന്നൽ നല്കിയാണ് ഈ വകുപ്പ് പ്രവർത്തിയ്ക്കുന്നത്.

**അനുശാസന**<u>( Mandate)</u>

- സുസ്ഥിര കാർഷിക വികസനത്തിനായുള്ള മണ്ണു ജല സംരക്ഷണവും പാരിസ്ഥിതിക പുനരുജ്ജീവനവും.
- മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ വിഭവങ്ങളുടെ സുസ്ഥിരമായ സംരക്ഷണത്തിന് ഊന്നൽ നല്കി കൊണ്ടുള്ള നീർത്തടാധിഷ്ഠിത പദ്ധതികളുടെ ആസൂത്രണവും നടത്തിപ്പും.
- പ്രകൃതി വിഭവസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവൽക്കരണം.
- മണ്ണിന്റെ ആരോഗ്യപരിപാലനത്തിനും സംരക്ഷണത്തിനും വേണ്ട സാങ്കേതിക സഹായവും മാർഗ്ഗനിർദ്ദേശങ്ങളും.
- കാർഷിക വികസന പദ്ധതി ആസൂത്രണത്തിനും ഗവേഷണ പദ്ധതികൾക്കുമാവശ്യമായ ഭൂവിഭവ വിവരസാങ്കേതിക സഹായം.

## വീക്ഷണം (Vision)

- സുസ്ഥിര വികസനത്തിനായി പ്രകൃതിവിഭവങ്ങളുടെ സംരക്ഷണവും പാരിസ്ഥിതിക പുനരുജ്ജീവനവും
- ഓരോ പ്രദേശത്തിനും അനുയോജ്യമായ ഭൂവിഭവപരിപാലനത്തിലൂടേയും മണ്ണിന്റെ ആരോഗ്യസംരക്ഷണത്തിലൂടേയും സുസ്ഥിരകാർഷികോൽപ്പാദനവും സ്വയം പര്യാപ്തതയും

## ദൗത്യം (Mission)

- ഭൂവിഭവ സംരക്ഷണം ലക്ഷ്യമാക്കി പൊതുജനപങ്കാളിത്തത്തോടെയുള്ള നീർത്തടാധിഷ്ഠിതവികസന പദ്ധതിയുടെ മേൽനോട്ടവും നടത്തിപ്പും
- പ്രകൃതിവിഭവസംരക്ഷണത്തെക്കുറിച്ചുള്ള അറിവിന്റേയും പ്രായോഗിക പരിജ്ഞാനത്തിന്റേയും വ്യാപനം
- ആധുനിക സാങ്കേതിക വിദ്യകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി സംസ്ഥാന മൊട്ടാകെയുള്ള മണ്ണ്, ഭൂവിഭങ്ങളുടെ വിവരശേഖരണവും വിജ്ഞാന വ്യാപനവും
- ഓരോ പ്രദേശത്തിനും അനുയോജ്യമായ ഭൂ വിനിയോഗ നിർണ്ണയം
- മണ്ണിന്റെ ആരോഗ്യപരിപാലന സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിജ്ഞാനവ്യാപനം
- മണ്ണിന്റെ പ്രാധാന്യത്തെക്കുറിച്ചും, മനുഷ്യന് മണ്ണ് നൽകുന്ന സേവനങ്ങളെക്കുറിച്ചും ജനങ്ങളിൽ  അവബോധം വളർത്തുക

## ലക്ഷ്യങ്ങൾ (Objective)

- സുസ്ഥിര കാർഷിക വികസനത്തിനും സുരക്ഷിതമായ പരിസ്ഥിതിക്കുമായുള്ള വാട്ടർഷെഡ് അടിസ്ഥാനത്തിലെ മണ്ണ് ജല സംരക്ഷണം.
- പരിസ്ഥിതിക്കനുയോജ്യമായ ചെലവ് കുറഞ്ഞ മണ്ണ്  ജല സംരക്ഷണ മാർഗ്ഗങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.
- സുസ്ഥിര കൃഷിയിലൂടെ കർഷകർക്ക് ആദായം  മെച്ചപ്പെടുത്തുന്നതിനായി മഴയെ അടിസ്ഥാനമാക്കി നടപ്പിലാക്കുന്ന കാർഷിക പ്രവർത്തനങ്ങളിലൂടെ കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ടുള്ള മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ.
- മണ്ണിടിച്ചിൽ ഉണ്ടാകാൻ സാധ്യതയുള്ളതും ഉണ്ടായതുമായ പ്രദേശങ്ങളുടെ സംരക്ഷണം
- പൊതുജനങ്ങളിൽ പ്രകൃതി വിഭവ സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക
- സംസ്ഥാനത്തിന്റെ സുസ്ഥിര കാർഷിക വികസനത്തിനായി പരിസ്ഥിതിക്ക് കോട്ടം തട്ടാതെ പ്രകൃതിവിഭവ പരിപാലനത്തിനാവശ്യമായ പദ്ധതി ആസൂത്രണവും നടത്തിപ്പും ഏകോപനവും

- സൂക്ഷ്മ പദ്ധതി ആസൂത്രണങ്ങൾക്കാവശ്യമായ ശാസ്ത്രീയ ഭൂവിഭവ വിജ്ഞാന ശേഖരണവും വ്യാപനവും
- മണ്ണിന്റെ ആരോഗ്യപരിപാലനത്തിനായി സോയിൽ ഹെൽത്ത് മാനേജ്മെന്റ് സപ്പോർട്ട് സിസ്റ്റം
- നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണു ജലസംരക്ഷണ മാർഗ്ഗങ്ങളിലൂടെ ഗ്രാമീണതൊഴിൽ ദിനങ്ങളുടെ സൃഷ്ടി

ചുമതല (Function)

- വിശദ മണ്ണ് പര്യവേക്ഷണപ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തിന്റെ സുസ്ഥിര കാർഷിക വികസനത്തിനുതകുന്ന ഭൂവിജ്ഞാന വിവര ശേഖരണവും വ്യാപനവും.
- ഓരോ പ്രദേശത്തിന്റേയും സമഗ്രവികസനത്തിനുവേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉതകുന്ന അടിസ്ഥാന രേഖയായ പഞ്ചായത്തുതല വിശദ മണ്ണ് ഭൂവിഭവ റിപ്പോർട്ടുകളുടേയും ഭൂപടങ്ങളുടേയും പ്രസിദ്ധീകരണം.
- കർഷകരുടെ പുരയിടങ്ങളിൽ നിന്നും ശേഖരിക്കുന്ന മണ്ണുസാമ്പിളുകളുടെ രാസ പരിശോധനയും സോയിൽ ഹെൽത്തുകാർഡ് വിതരണവും.
- പശ്ചിമഘട്ട വികസനപദ്ധതിയുമായി ബന്ധപ്പെട്ട നീർത്തടങ്ങളുടെ തിരഞ്ഞെടുപ്പും അനുബന്ധ മണ്ണു പര്യവേക്ഷണ പ്രവർത്തനങ്ങളും
- ഫലഭൂയിഷ്ടമായ മേൽമണ്ണ് സംരക്ഷണത്തിലൂടെയുള്ള കാർഷിക ഉല്പാദന വർദ്ധനവ്
- തൽസ്ഥല ജലസംരക്ഷണത്തിലൂടെ വരൾച്ചയുടെ കാഠിന്യം കുറയ്ക്കുക
- മണ്ണ്ജലസംരക്ഷണത്തിലൂടെയുള്ള കാർഷിക ഉൽപാദന വർദ്ധനവ്
- ജലവിതരണ പദ്ധതി റിസർവോയറുകളിലെ എക്കൽ അടിയുന്നത് കുറയ്ക്കാൻ വൃഷ്ടി പ്രദേശങ്ങളിലെ മണ്ണുജലസംരക്ഷണപ്രവർത്തനങ്ങളുടെ നടത്തിപ്പ്.
- മണ്ണിടിച്ചിൽ ഉണ്ടാകാൻ സാധ്യതയുള്ള/ഉണ്ടായ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ.

സംഘടന (Organisational set up)

തിരുവനന്തപുരത്ത് വഴുതക്കാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന മണ്ണ് പര്യവേക്ഷണസംരക്ഷണ വകുപ്പിന്റെ കീഴിൽ മണ്ണ് പര്യവേക്ഷണവിഭാഗവും മണ്ണ് സംരക്ഷണ വിഭാഗവും പ്രവർത്തിക്കുന്നു. ഡയറക്ടറാണ് വകുപ്പിന്റെ തലവൻ. ഡയറക്ടറുടെ ഓഫീസിൽ ഓരോ വിഭാഗത്തിനും അഡീഷണൽ ഡയറക്ടർ ഉണ്ട്. മണ്ണ് സംരക്ഷണ വിഭാഗത്തിൽ 14 ജില്ലകളിലും ജില്ലാമണ്ണ് സംരക്ഷണ ഓഫീസുകളുണ്ട്. കൂടാതെ പ്രത്യേക പദ്ധതികൾക്കായി അരുവിക്കര, ശാസ്താംകോട്ട, കട്ടപ്പന എന്നിവടങ്ങളിൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളുമുണ്ട്. ഓരോ ജില്ലാ ഓഫീസുകളുടെ കീഴിലും 2 മണ്ണ് സംരക്ഷണ ഓഫീസുകൾ പ്രവർത്തിക്കുന്നു. വകുപ്പിന്റെ പരിശീലന സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ ഷെഡ് മാനേജ്മെന്റ് കേരള, കൊല്ലത്ത് ചടയമംഗലത്ത് പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിന്റെ തലവൻ ഡെപ്യൂട്ടി ഡയറക്ടർ (മണ്ണ് സംരക്ഷണം) ആണ്. വയനാട് ജില്ലയിൽ കൽപ്പറ്റ ആസ്ഥാനമായി മണ്ണുസംരക്ഷണ ജോയിന്റ് ഡയറക്ടറുടെ ഓഫീസും

പ്രവർത്തിക്കുന്നുണ്ട്. ഈ ഓഫീസിനുകീഴിൽ 5 മണ്ണു സംരക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസുകൾ പ്രവർത്തിക്കുന്നു.

മണ്ണു പര്യവേക്ഷണ അഡീഷണൽ ഡയറക്ടറെക്കൂടാതെ ഒരു മണ്ണ് പര്യവേക്ഷണ ഡെപ്യൂട്ടി ഡയറക്ടറും പശ്ചിമഘട്ടവികസനപദ്ധതിയുമായി ബന്ധപ്പെട്ട മണ്ണുപര്യവേക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി മറ്റൊരു ഡെപ്യൂട്ടി ഡയറക്ടറും വകുപ്പ് ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ പതിനാലു ജില്ലകളിലും ജില്ലാ മണ്ണു പര്യവേക്ഷണ കാര്യാലയങ്ങൾ അതാത് അസിസ്റ്റന്റ് ഡയറക്ടർമാരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. തിരുവനന്തപുരത്തും തൃശ്ശൂരിലും രണ്ട് മേഖലാ മണ്ണ് പര്യവേക്ഷണ ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മണ്ണ് പര്യവേക്ഷണ വിഭാഗത്തിൻ കീഴിൽ ഏഴ് മണ്ണ് പരിശോധനാലബോറട്ടറികളും പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരത്തുള്ള കേന്ദ്ര മണ്ണു പരിശോധനാശാലയുടെ ചുമതല മണ്ണു പര്യവേക്ഷണ ജോയിന്റ് ഡയറക്ടർക്കാണ്. കേന്ദ്ര മണ്ണു പരിശോധനാശാലയോട് ചേർന്ന് കേരളത്തിലെ എല്ലാ മണ്ണിനങ്ങളെയും കുറിച്ചുള്ള സമഗ്രമായ വിവരം കർഷകർക്കും, ഗവേഷകർക്കും, വിദ്യാർത്ഥികൾക്കും ഭരണകർത്താക്കൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഒരു സോയിൽ മ്യൂസിയം പാറോട്ടുകോണത്ത് പ്രവർത്തിക്കുന്നു.

## ഓഫീസുകളുടെ മേൽവിലാസവും ഫോൺ നമ്പരും

| | | | | |
|---|---|---|---|---|
| തിരുവനന്ത പുരം | 1 | മണ്ണു പര്യവേക്ഷണ സംരക്ഷണ ഡയറക്ടറുടെ കാര്യാലയം, സെൻട്രൽ പ്ലാസാ ബിൽഡിങ്ങ്, വഴുതക്കാട്, തിരുവനന്തപുരം 695014 | 0471 2339800 | soildirector@gmail.com |
| | 2 | ജില്ലാ മണ്ണു പര്യവേക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, H.H.Princess Lekshmi Bhai Trust Building, II Floor, Fort P.O, Trivandrum- 695023 | 0471 2469709 | adsstvm@gmail.com |
| | 3 | മണ്ണുസംരക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, അരുവിക്കര സ്ക്കിം, H.H.Princess Lekshmi Bhai Trust Building, II Floor, Fort P.O, Trivandrum- 695023 | 0471 2478030 | adscaruvikkara@gmail.com |
| | 4 | പ്രിൻസിപ്പൽ സോയിൽ കെമിസ്റ്റിന്റ കാര്യാലയം, സെൻട്രൽ സോയിൽ അനലറ്റിക്കൽ ലാബ്, പാറോട്ടുകോണം, നാലാഞ്ചിറ പി. ഓ. തിരുവനന്തപുരം 695015 | 0471 2541176 | psc.csal@gmail.com |
| | 5 | ദക്ഷിണമേഖല മണ്ണുപര്യവേക്ഷണ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, H.H.Princess Lekshmi Bhai Trust Building, II Floor, Fort P.O, Trivandrum- 695023 | 0471 2468237 | ddsstrivandrum@gmail.com |

| | | | | |
|---|---|---|---|---|
| | 6 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസറുടെ കാര്യാലയം,എ ബ്ളോക്ക്, 4–ാം നില, എഫ് 5, സിവിൽസ്റ്റേഷൻ, കുടപ്പനക്കുന്ന്, തിരുവനന്തപുരം | 0471 2732648 | dscotvpm@gmail.com |
| | 7 | മണ്ണു സംരക്ഷണ ഓഫീസറുടെ കാര്യാലയം, മിനി സിവിൽ സ്റ്റേഷൻ, നെയ്യാറ്റിൻകര പി.ഒ, തിരുവനന്തപുരം | 0471 2222712 | soilconservationnta@gmail.com |
| | 8 | മണ്ണു സംരക്ഷണ ഓഫീസർ, മിനി സിവിൽ സ്റ്റേഷൻ, കിളിമാനൂർ, തിരുവനന്തപുരം | 0470 2675748 | |
| കൊല്ലം | 1. | ജില്ലാ മണ്ണു പര്യവേക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, മുല്ലത്തറ അപ്പാർട്ടമെന്റ്, ജവഹാർ ജംങ്ഷൻ, കൊല്ലം 691001 | 0474 2767121 | adsskollam@yahoo.in |
| | 2 | മണ്ണു സംക്ഷണ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,ഐ.ഡബ്ല്യൂ,ഡി.എം.കെ, ബസ്റ്റാന്റിനു സമീപം, ചടയമംഗലം, കൊല്ലം 691534 | 0474 2475051 | iwdmkerala@gmail.com |
| | 3 | അസിസ്റ്റന്റ് മണ്ണു സംരക്ഷണ ഓഫീസർ, ശാസ്താംകോട്ട, കൊല്ലം | 0476 2837080 | adscskta@gmail.com |
| | 4 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസറുടെ കാര്യാലയം, ദേവി നിവാസ്, ഓലയിൽ, ജയൻ നഗർ, തേവള്ളി പി.ഒ, കൊല്ലം. | 0474 2768816 | dscokollam@gmail.com |
| | 5 | മണ്ണു സംരക്ഷണ ഓഫീസർ, കൊട്ടാരക്കര | 0474 2452828 | scoktr@gmail.com |
| | 6 | മണ്ണു സംരക്ഷണ ഓഫീസർ, കൊട്ടിയം | 0474 2535572 | scokottiyam@yahoo.co.in |
| പത്തനംതിട്ട | 1 | ജില്ലാ മണ്ണു പര്യവേക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, 1–ാം നില, മണ്ണിൽ റീജൻസി, കോളേജ് റോഡ്, പത്തനംതിട്ട 689645 | 0468 2323105 | soilsurveypta@gmail.com |
| | 2 | ജില്ലാ മണ്ണു സംരക്ഷക്ഷണ ഓഫീസറുടെ കാര്യാലയം.എം.റ്റി. എസ്സ്. കൊമേഴ്സ്യൽ കോപ്ലക്സ്, സ്റ്റേഡിയം ജംങ്ഷൻ, പത്തനംതിട്ട | 0468 2224070 | dscopta@gmail.com |
| | 3 | മണ്ണു സംരക്ഷണ ഓഫീസർ,എം.റ്റി.എസ്സ്. കോമേഴ്സ്യൽ കോപ്ലക്സ്, സ്റ്റേഡിയം ജംഗ്ഷൻ, പത്തനം തിട്ട | 0468 2322671 | nwdprapta@gmail.com |
| | 4 | മണ്ണു സംരക്ഷണ ഓഫീസർ, കാർത്തിക ബിൽഡിംങ്ങ്, എൻ.എസ്.എസ്. ഓഫീസിന് എതിർവശം, കച്ചേരിപ്പടി, തിരുവല്ല | 0469 2602664 | scothiruvalla@gmail.com |

| | | | | |
|---|---|---|---|---|
| കോട്ടയം | 1 | ജില്ലാ മണ്ണു പര്യവേക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, 3–ാം നില, എ ബ്ലോക്ക്, മിനി സിവിൽ സ്റ്റേഷൻ,കോട്ടയം 686001 | 0481 2300978 | adssktm@gmail.com |
| | 2 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസറുടെ കാര്യാലയം,ജില്ലാ പഞ്ചായത്തു ബിൽഡിങ്, കളക്ട്രേറ്റ് പി.ഒ. കോട്ടയം 686002 | 0481 2568519 | dscoktm@gmail.com |
| | 3 | മണ്ണു സംരക്ഷണ ഓഫീസർ, മുനിസിപ്പൽ സ്റ്റേഡിയം ബിൽഡിംങ്, കോട്ടയം | 0484 2412892 | scochry@gmail.com |
| | 4 | മണ്ണു സംരക്ഷണ ഓഫീസർ, മിനി സിവിൽ സ്റ്റേഷൻ, പാലാ | 0482 2200492 | swcopala@gmail.com |
| ആലപ്പുഴ | 1 | ജില്ലാ മണ്ണു പര്യവേക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, തൊണ്ടൻകുളങ്ങര വാർഡ്, അവലുകുന്ന്. | 0477 2236293 | adssalappuzha@gmail.com |
| | 2 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസറുടെ കാര്യാലയം, ജില്ലാ പഞ്ചായത്തു ബിൽഡിങ്, 3–ാം നില കളക്ട്രേറ്റ് | 0477 2254927 | dscoalappuzha@gmail.com |
| | 3 | സീനിയർ കെമിസ്റ്റ്, റീജനൽ സോയിൽ അനലറ്റിക്കൽ ലാബ്, തൊണ്ടൻകുളങ്ങര വാർഡ്, കുറുപ്പൻസ് ബിൽഡിംഗ്, എ.എം. സി–1/687 അവലുകുന്ന് പി.ഒ | 0477 2236294 | rsalalappuzha@gmail.com |
| | 4 | മണ്ണു സംരക്ഷണ ഓഫീസർ, മിനി സിവിൽ സ്റ്റേഷൻ,രണ്ടാം നില, ചേർത്തല പി.ഒ, ആലപ്പുഴ | 0477 2254927 | scochertala@gmail.com |
| | 5 | മണ്ണു സംരക്ഷണ ഓഫീസർ, മിനി സിവിൽ സ്റ്റേഷൻ,ഒന്നാം നില, ചെങ്ങന്നൂർ പി.ഒ. ആലപ്പുഴ | 0479 2456552 | scocgnr@gmail.com |
| എറണാകുളം | 1 | ജില്ലാ മണ്ണു പര്യവേക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം. ഓൾഡ് ബ്ലോക്ക്, എറണാകുളം. 3–ാം നില, സിവിൽ സ്റ്റേഷൻ | 0484 2421509 | adssekm@gmail.com |
| | 2 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസറുടെ കാര്യാലയം, സിവിൽ സ്റ്റേഷൻ, കാക്കനാട് പി.ഒ, എറണാകുളം. | 0484 2423301 | dscoekm@gmail.com |
| | 3 | മണ്ണു സംരക്ഷണ ഓഫീസർ, കോലഞ്ചേരി പി.ഒ, എറണാകുളം 0682311 | 0484 2765327 | scok@gmail.com |

| | | | | |
|---|---|---|---|---|
| | 4 | മണ്ണു സംരക്ഷണ ഓഫീസർ, മിനി സിവിൽ സ്റ്റേഷൻ, മുടവൂർ പി.ഒ. മൂവാറ്റുപുഴ, എറണാകുളം | 0485 2814939 | scomekm@gmail.com |
| ഇടുക്കി | 1 | ജില്ലാ മണ്ണു പര്യവേക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം , തരണയിൽ ബിൽഡിങ്ങ്, തൊടുപുഴ | 0486 2228725 | adssidukki@gmail.com |
| | 2 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസറുടെ കാര്യാലയം,മൂലമറ്റം, ഇടുക്കി | 0486 2252650 | dscoidk@gmail.com |
| | 3 | അസിസ്റ്റന്റ് മണ്ണു സംരക്ഷണ ഡയറക്ടർ, ഇടുക്കി പ്രൊജക്ട്, കലയത്തിനാൽ, കട്ടപ്പന | 0486 8273322 | adsckattappana@gmail.com |
| | 4 | മണ്ണു സംരക്ഷണ ഓഫീസർ, ഇടുക്കി കോളനി പി. ഒ, വാഴത്തോപ്പ്, ഇടുക്കി 685 589 | 0486 2236396 | idukkisco6@gmail.com |
| | 5 | മണ്ണു സംരക്ഷണ ഓഫീസർ, മിനി സിവിൽ സ്റ്റേഷൻ, പീരുമേട്, ഇടുക്കി 685537 | 0486 9232157 | scopeermad@yahoo.co.in |
| തൃശ്ശൂർ | 1 | ജില്ലാ മണ്ണു പര്യവേക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, മിനി സിവിൽ സ്റ്റേഷൻ,ചെമ്പുകാവ് പി.ഒ, തൃശ്ശൂർ. | 0487 2323965 | adsstcr@gmail.com |
| | 2 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസറുടെ കാര്യാലയം. ജില്ലാ പഞ്ചായത്തു ബിൽഡിങ്ങ്, അയ്യന്തോൾ. | 0487 2360426 | dscothrissur@gmail.com |
| | 3 | സീനിയർകെമിസ്റ്റ് റീജനൽ സോയിൽ അനലറ്റിക്കൽ ലാബ്, ബ്ലോക്ക് – 2, മിനി സിവിൽ സ്റ്റേഷൻ | 0487 2327140 | rsalthrissur@gmail.com |
| | 4 | ഉത്തര മേഖല മണ്ണു പര്യവേക്ഷണ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, മിനി സിവിൽ സ്റ്റഷൻ, ഒന്നാം നില,ചെമ്പുകാവ് പി.ഒ, തൃശ്ശൂർ. | 0487 2321296 | ddsoilsurveytsr@gmail.com |
| | 5 | മണ്ണു സംരക്ഷണ ഓഫീസർ, മിനി സിവിൽ സ്റ്റേഷൻ, ചാലക്കുടി, തൃശ്ശൂർ 680 307 | 0480 2707710 | scochalakkudy@gmail.com |
| | 6 | മണ്ണു സംരക്ഷണ ഓഫീസർ, കോടതിക്കു സമീപം, വടക്കാഞ്ചേരി പി.ഒ. തൃശ്ശൂർ | 0488 4235426 | scunitwky@gmail.com |
| പാലക്കാട് | 1 | ജില്ലാ മണ്ണു പര്യവേക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം , സിവിൽ സ്റ്റേഷൻ, 2–ാം നില, പാലക്കാട് –678001 | 0491 2505455 | adsspalakkad@gmail.com |

| | | | | |
|---|---|---|---|---|
| | 2 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസറുടെ കാര്യാലയം, സിവിൽ സ്റ്റേഷൻ,പാലക്കാട് –678001 | 0491 2505860 | dscopkd@rediffmail.com |
| | 3 | മണ്ണു സംരക്ഷണ ഓഫീസർ, പള്ളിക്കയറ്റം ഈസ്റ്റ്, ഒറ്റപ്പാലം പി.ഒ, പാലക്കാട് 679101 | 0466 2248217 | scootppkd@gmail.com |
| | 4 | മണ്ണു സംരക്ഷണ ഓഫീസർ, ബാങ്ക് റോഡ്, ആലത്തൂർ, പാലക്കാട് 678541 | 0492 2223430 | soilconservation officealathur@gmail.com |
| മലപ്പുറം | 1 | ജില്ലാ മണ്ണു പര്യവേക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം , സിവിൽ സ്റ്റേഷൻ ,ബി.3 ബ്ലോക്ക്,ഒന്നാം നില, മല പ്പുറം. | 0483 2739001 | soilsurveymalappuram@gmail.com |
| | 2 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസറുടെ കാര്യാലയം. ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് റോഡ്, മഞ്ചേരി, മലപ്പുറം. | 0483 2767872 | dscomanjeri@gmail.com |
| | 3 | മണ്ണു സംരക്ഷണ ഓഫീസർ,ജസീല കോംപ്ല ക്സ്, നിലമ്പൂർ റോഡ് | 0483 2765953 | scomanjeri@bsnl.in |
| | 4 | മണ്ണു സംരക്ഷണ ഓഫീസർ,കെ. എൻ.ഇ. എസ്. റ്റി. ഹൗസ്, പെരിന്തൽമണ്ണ പി.ഒ. മല പ്പുറം | 0493 3229727 | scopmn@gmail.com |
| കോഴിക്കോട് | 1 | ജില്ലാ മണ്ണു പര്യവേക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം , സിവിൽ സ്റ്റേഷൻ ,ബി. ബ്ലോക്ക് , അഞ്ചാം നില, കോഴിക്കോട് 673020 | 0495 2371060 | adsoilsurveykozhikode@gmail.com |
| | 2 | സീനിയർകെമിസ്റ്റ് റീജനൽ സോയിൽ അനലറ്റിക്കൽ ലാബ്, ഡി ബ്ലോക്ക് , മിനി സിവിൽ സ്റ്റേഷൻ, മൂന്നാം നില, കോഴി ക്കോട് | 0495 2372040 | rsalkkd@gmail.com |
| | 3 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസറുടെ കാര്യാലയം. സി ബ്ലോക്ക് , മിനി സിവിൽ സ്റ്റേഷൻ, ആറാം നില, കോഴിക്കോട് 673020 | 0495 2370790 | dscokkd@gmail.com |
| | 4 | മണ്ണു സംരക്ഷണ ഓഫീസർ, വടകര, കോഴിക്കോട് – 673325 | 0496 2515788 | scovdaka@gmail.com |
| | 5 | മണ്ണു സംരക്ഷണ ഓഫീസർ, താമരശ്ശേരി, കോഴിക്കോട് –673525 | 0495 2223672 | scothamarassery@gmail.com |
| വയനാട് | 1 | ജോയിന്റ് മണ്ണു സംരക്ഷണ ഡയറക്ട ർ,കബിനി പ്രൊജക്ട് ,അരുൺ ടൂറിസ്റ്റ് ഹോം, മുൻസിപ്പൽ ബസ്റ്റാന്റി നു സമീപം, കൽപ്പറ്റ, വയനാട് 673121 | 0493 6205732 | jdscrvp@gmail.com |

| | | | | |
|---|---|---|---|---|
| | 2 | ജില്ലാ മണ്ണു പര്യവേക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം , മീനങ്ങാടി പി.ഒ. വയനാട്. | 04936 246330 | adsswayanad@gmail.com |
| | 3 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസറുടെ കാര്യാലയം. സി ബ്ലോക്ക് , സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത് പി.ഒ, വയനാട് | 04936 203756 | dscowyd@gmail.com |
| | 4 | സീനിയർകെമിസ്റ്റ് ഹൈടെക്ക് സോയിൽ അനലറ്റിക്കൽ ലാബ്,എ ബ്ലോക്ക്, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത് പി.ഒ, വയനാട് | 04936 207750 | hsalwyd@gmail.com |
| | 5 | അസിസ്റ്റന്റ് മണ്ണു സംരക്ഷണ ഡയറക്ടർ, എൻജിനീയിറിംങ് ഹൈഡ്രോളി സബ് ഡിവിഷൻ, കബനി പ്രൊജക്ട്, പി.ബി. എം.ഹോസ്പിറ്റൽ, മീനങ്ങാടി. | 04936 247160 | adsc_esmgdi@yahoo.com |
| | 6 | അസിസ്റ്റന്റ് മണ്ണു സംരക്ഷണ ഡയറക്ടർ, മാനന്തവാടി, കബനി പ്രൊജ ക്ട്,ബിൽഡിംഗ് നംബർ വി.പ്.6, 5–ാംമൈൽ | 04935 227163 | adscmndy@gmail.com |
| | 7 | അസിസ്റ്റന്റ് മണ്ണു സംരക്ഷണ ഡയറക്ടർ, കബനി പ്രൊജക്ട്, വൈത്തിരി പി.ഒ, വയ നാട് 673576 | 04936 255227 | adscvythri@gmail.com |
| | 8 | അസിസ്റ്റന്റ് മണ്ണു സംരക്ഷണ ഡയറക്ട ർ,കനിയാംബറ്റ സബ് ഡിവിഷൻ, ആർ.വി. പി.കബനി ,പി.ബി.എം.ഹോസ്പിറ്റൽ, മീന ങ്ങാടി. | 0493 6247430 | adsckk@gmail.com |
| | 9 | അസിസ്റ്റന്റ് മണ്ണു സംരക്ഷണ ഡയറക്ടർ, കബനി പ്രൊജക്ട്, കാരയ്ക്കാമല, വയ നാട് 670 645 | 04935 227565 | adsckarakkamala@gmail.c om |
| | 10 | മണ്ണു സംരക്ഷണ ഓഫീസർ, മിനി സിവിൽ സ്റ്റേഷൻ, മാനന്തവാടി, വയനാട് 670 645. | 04935 241482 | scomndy@gmail.com |
| | 11 | മണ്ണു സംരക്ഷണ ഓഫീസർ, കാനറാ ബാങ്ക് ബിൽഡിംങ്, മീനങ്ങാടി പി.ഒ. വയ നാട് | 0493 6248270 | soilconsmgdi@gmail.com |
| കണ്ണൂർ | 1 | ജില്ലാ മണ്ണു പര്യവേക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം , സിവിൽ സ്റ്റേഷൻ , എഫ്. ബ്ലോക്ക് , രണ്ടാം നില, കണ്ണൂർ 670 002 | 0497 2712818 | adsskannur@gmail.com |
| | 2 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസറുടെ കാര്യാലയം. , സിവിൽ സ്റ്റേഷൻ,് പി.ഒ, കണ്ണൂർ 670 002 | 0497 2768260 | dscoknr@gmail.com |

| | | | | |
|---|---|---|---|---|
| | 3 | മണ്ണു സംരക്ഷണ ഓഫീസർ, മിനി സിവിൽ സ്റ്റേഷൻ,മൂന്നാം നില, തളിപ്പറമ്പ്, കണ്ണൂർ | 0460 2200058 | sco_tmb@bsnl.in |
| | 4 | മണ്ണു സംരക്ഷണ ഓഫീസർ, സിന്റിക്കേറ്റ് ബാങ്ക് ബിൽഡിംങ്ങ്, നാരങ്ങാപുരം, തല ശ്ശേരി പി.ഒ. | 0490 2341560 | tlysco@gmail.com |
| കാസർഗോഡ് | 1 | ജില്ലാ മണ്ണു പര്യവേക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം , സിവിൽ സ്റ്റേഷൻ , എഫ്. ബ്ലോക്ക് , വിദ്യാനഗർ പി. ഒ. കാസർഗോഡ് | 04994 257450 | adssksgd123@gmail.com |
| | 2 | ജില്ലാ മണ്ണു സംരക്ഷണ ഓഫീസറുടെ കാര്യാലയം, സിവിൽ സ്റ്റേഷൻ, എഫ്. ബ്ലോക്ക് , വിദ്യാനഗർ പി.ഒ. കാസർഗോഡ് | 04994 256658 | distsoilksd@gmail.com |
| | 3 | മണ്ണു സംരക്ഷണ ഓഫീസറുടെ കാര്യാ ലയം,റയിൽവേ സ്റ്റേഷൻ റോഡ്, തയല ങ്ങാടി പി. ഒ. കാസർഗോഡ് | 04994 230353 | scoksd@gmail.com |
| | 4 | മണ്ണു സംരക്ഷണ ഓഫീസർ, കെ.എം. സി. 3 639/1, ഹോസദുർഗ്ഗ്, കാഞ്ഞങ്ങാട് പി.ഒ, കാസർഗോഡ് | 0467 2209866 | soilconskhd@gmail.com |

## വകുപ്പിന്റെ പ്രവർത്തനങ്ങൾ

മണ്ണ്പര്യവേക്ഷണ മണ്ണ്സംരക്ഷണ വകുപ്പിന് 2021-2022 സാമ്പത്തിക വർഷത്തിൽ അനുവദിച്ച പദ്ധതി വിഹിതം 4205 ലക്ഷം രൂപയാണ്. ഇതിൽ 2701.132 ലക്ഷം രൂപ വിനിയോഗിച്ച് വിവിധ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതു കൂടാതെ അധിക ധനാനുമതിയായി ലഭിച്ച പശ്ചിമഘട്ടത്തിന്റെ സംയോജിത വികാസം - പരിസ്ഥിതി സംരക്ഷണവും, ജൈവവൈവിധ്യങ്ങളുടെ പുന സ്ഥാപനവും, പ്രകൃതി വിഭവങ്ങളുടെ പരിപാലനവും എന്ന (2551-01-104-99) ശീർഷകത്തിലെ 21.894 ലക്ഷം രൂപയും മലയോര വികസന ഏജൻസി (4551-01-800-98) ശീർഷകത്തിലെ 34.176 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് 2021-2022 വർഷം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

### I മണ്ണുപര്യവേക്ഷണ പദ്ധതികൾ

2021-22 സാമ്പത്തിക വർഷത്തിൽ മണ്ണ് പര്യവേക്ഷണ പ്രവർത്തനങ്ങൾക്കായി 2402-00-101 മുഖ്യശീർഷകത്തിൽ പദ്ധതിയിനത്തിൽ 245.0 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പദ്ധതിയിനത്തിൽ 222.576 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ അധിക ധനാനുമതിയായി 56.3 ലക്ഷം രൂപ ലഭിച്ചതിൽ 56.07 ലക്ഷം രൂപ ചെലവഴിച്ചു.

## എ. സംസ്ഥാനതല പദ്ധതികൾ:

### 1. മണ്ണുപരിശോധനാശാലകൾ (ലബോറട്ടറീസ്)

**ശീർഷകം 2402-00-101-90 പദ്ധതി**

ഈ പദ്ധതിയിൽ 30000 മണ്ണുസാമ്പിളുകളുടെ പരിശോധനകളാണ് 2021 -22 -ൽ ലക്ഷ്യമിട്ടിരുന്നത്. മണ്ണിന്റെ രാസ പരിശോധന മണ്ണുപര്യവേക്ഷണത്തിന്റെ അവശ്യഘടകമാണ്. മണ്ണുപര്യവേക്ഷണ പഠനങ്ങളുടെ ഭാഗമായുള്ള മണ്ണിന്റെ വർഗ്ഗീകരണത്തിനും (Soil Classification) രാസ പരിശോധന അത്യന്താപേക്ഷിതമാണ്. മണ്ണു പര്യവേക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ മണ്ണുശ്രേണികളിലുള്ള മണ്ണുസാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരത്തെ കേന്ദ്ര മണ്ണുപരിശോധനാശാലയിലും കോഴിക്കോട്ടും, തൃശ്ശൂരും, ആലപ്പുഴയിലുമുള്ള പ്രാദേശിക മണ്ണുപരിശോധനാശാലകളിലും കാസർഗോഡ് ജില്ലയിലെയും, പത്തനംതിട്ട ജില്ലയിലെയും സോയിൽ & പ്ലാന്റ് ഹെൽത്ത് ക്ലിനിക്കിലും വയനാട് ജില്ലയിലെ ഹൈടെക് മണ്ണുപരിശോധനശാലയിലും ഭൗതിക രാസ പരിശോധനകൾക്ക് വിധേയമാക്കുന്നു. സോയിൽ ഹെൽത്ത് കാർഡ് വിതരണത്തിനുള്ള മണ്ണുസാമ്പിളുകളുടെ പരിശോധനയും ഈ ലാബുകളിൽ നടത്തിവരുന്നു. 2021 -22 വർഷത്തിൽ 21403 മണ്ണുസാമ്പിളുകളുടെ രാസ പരിശോധനകൾ നടത്തി.

2021-22 വർഷത്തിൽ 2402-00-101-90 പദ്ധതി ശീർഷകത്തിൽ 120.0 ലക്ഷം രൂപ അനുവദിച്ചു. പദ്ധതിയിനത്തിൽ 101.97 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. മണ്ണ് സാമ്പിളുകളുടെ പരിശോധനായിനത്തിൽ 2.79531 ലക്ഷം രൂപയുടെ നികുതിയിതര വരുമാനം ലഭിച്ചു.

### 2. മണ്ണുപര്യവേക്ഷണ ഉദ്യോഗസ്ഥർക്ക് പരിശീലനം

**ശീർഷകം: 2402-00-101-89 - പദ്ധതി**

മണ്ണുപര്യവേക്ഷണ വിഭാഗത്തിലെ സാങ്കേതിക ഉദ്യോഗസ്ഥർക്ക് ആധുനിക രീതികൾ പ്രാവർത്തികമാക്കുവാൻ (ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം ഉൾപ്പെടെ) ദേശീയ മണ്ണുപര്യവേക്ഷണ പരിശീലന കേന്ദ്രത്തിലും മറ്റു വിവിധ ഗവേഷണ സ്ഥാപനങ്ങളിലും പരിശീലനം നല്കുന്നതിനും മണ്ണുപര്യവേക്ഷണവുമായി ബന്ധപ്പെട്ട കോൺഫറൻസുകൾ, ശില്പശാലകൾ തുടങ്ങിയവ നടത്തുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

2021 -22 സാമ്പത്തിക വർഷത്തിൽ 64 ഉദ്യോഗസ്ഥരെ വിവിധ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിൽ പരിശീലനത്തിനായി നിയോഗിച്ചു. ഇതു കൂടാതെ വിവിധ ഉദ്യോഗസ്ഥരെ സെമിനാർ, ശില്പശാലകൾ, സോയിൽ സർവ്വേയ്ക്ക് അനുയോജ്യമായ വിവിധ ഹ്രസ്വകാല പരിശീലന പരിപാടികൾ എന്നിവയ്ക്കും നിയോഗിക്കുകയുണ്ടായി. 2021 -22 സാമ്പത്തിക വർഷത്തിൽ 2402-00-101-89 പദ്ധതി ശീർഷകത്തിൽ 11.0 ലക്ഷം രൂപ അനുവദിച്ചതിൽ 9.93 ലക്ഷം രൂപ ചെലവഴിച്ചു.

### 3.സോയിൽ ഇൻഫർമാറ്റിക്സ് & പബ്ലിക്കേഷൻ സെൽ

**ശീർഷകം: 2402-00-101-86 പദ്ധതി**

വിവിധ ഭൂവിഭവ വികസന പ്രവർത്തനങ്ങൾക്ക് അനിവാര്യമായ മണ്ണ് പര്യവേക്ഷണ റിപ്പോർട്ടുകളും ബുള്ളറ്റിനുകളും പ്രസിദ്ധീകരിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൂടാതെ ജില്ലാതല ആസൂത്രണത്തിന് ആവശ്യമായ അടിസ്ഥാന വിവരങ്ങൾ നല്കുന്ന മണ്ണുപര്യവേക്ഷണം, പഞ്ചായത്തുകളിലെ വിശദ മണ്ണുപര്യവേക്ഷണം, മുൻകാലങ്ങളിൽ വിശദ മണ്ണുപര്യവേക്ഷണം നടത്തിയ സ്ഥലങ്ങളിൽ അതിനു ശേഷം മണ്ണിന് സംഭവിച്ച ഭൗതിക മാറ്റങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള മണ്ണ് പര്യവേക്ഷണ പുനർനിർണ്ണയം എന്നീ പ്രവർത്തനങ്ങളും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. ഓരോ പഞ്ചായത്തിലെ മണ്ണിനങ്ങളെ ഭൂപടത്തിൽ രേഖപ്പെടുത്തി അവിടത്തെ വിള ഉല്പാദനം, ഉല്പാദനക്ഷമത, കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും അവ ലഘൂകരിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും,പാരമ്പര്യ കൃഷിരീതികളും പോരായ്മകളും, നൂതന കാർഷിക വിദ്യകൾ തുടങ്ങിയവയെ പറ്റി പ്രതിപാദിക്കുന്ന പ്രസിദ്ധീകരണങ്ങൾ മണ്ണുപര്യവേക്ഷണ വിഭാഗം തയ്യാറാക്കി വരുന്നു. ഓരോ പഞ്ചായത്തിന്റെയും വിസ്തൃതി, ജനസംഖ്യ, കാർഷികവൃത്തിയിലും ഇതര ജോലികളിലും ഏർപ്പെട്ടിരിക്കുന്ന ജനങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ, സാമൂഹ്യ സാമ്പത്തിക ഘടകങ്ങൾ, വ്യവസായങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെപ്പറ്റിയുമുള്ള വിവരങ്ങൾ ഈ റിപ്പോർട്ടുകളിൽ നിന്നും ലഭ്യമാണ്. കൂടാതെ ഭൂവിഭവങ്ങളുടെ സംരക്ഷണത്തിനും മേൽനോട്ടത്തിനുമായുള്ള ഉപദേശക വിഭാഗമായും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മണ്ണുപര്യവേക്ഷണ ഭൂപടങ്ങൾ തയ്യാറാക്കുക, അവരുടെ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ വിവരങ്ങൾ നല്കുക എന്നിവയും ഈ സെൽ നടത്തി വരുന്നു.

2021–22 സാമ്പത്തിക വർഷത്തിൽ 18184 ഹെക്ടർ സ്ഥലത്ത് വിശദമണ്ണുപര്യവേക്ഷണവും 11600 ഹെക്ടർ സ്ഥലത്ത് വിശദമണ്ണുപര്യവേക്ഷണപുനർനിർണ്ണയവും നടത്തുകയുണ്ടായി. 20 മണ്ണുപര്യവേക്ഷണ റിപ്പോർട്ടുകളും 91 ബന്ധപ്പെട്ട ഭൂപടങ്ങളും പ്രസിദ്ധീകരിച്ചു. കൂടാതെ പഞ്ചായത്തുതലത്തിൽ നടത്തി വരുന്ന മണ്ണ് പര്യവേക്ഷണ പ്രവർത്തനങ്ങളിലൂടെ ലഭിച്ച ഭൂവിഭവ വിവരശേഖരം ഡിജിററൽ പ്ലാററ്ഫോമിലേക്ക് മാററുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു. ഇതിൻെറ ഭാഗമായി 205 ഭൂപടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

ആലപ്പുഴജില്ലയിൽ കുട്ടനാട് പ്രദേശത്തെ ആസിഡ് സൾഫേററ് മണ്ണിനങ്ങളുടെ പരിപാലനത്തിനായി 'Soil Health Improvement in Acid Sulphate Soils of Kuttanad through Interventions of Suitable Amendments for reduction in Acidity and Salinity and Soil Test Based Fertilizer Recommendation Approach' എന്ന പഠനം പൂർത്തിയാക്കി. പത്തനംതിട്ട ജില്ലയിലെ ചിററാർ പഞ്ചായത്തിലും പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം പഞ്ചായത്തിലും കൊല്ലം ജില്ലയിലെ ആര്യൻകാവ് പഞ്ചായത്തിലും വിളക്കുടി പഞ്ചായത്തിലും ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങളിലെയും ഉരുൾപൊട്ടൽ സാധ്യതാ പ്രദേശങ്ങളിലെയും മണ്ണിന്റെയും ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട മററുഘടകങ്ങളുടെയും പഠനം പൂർത്തിയാക്കുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

വകുപ്പിന്റെ ആസ്ഥാന മന്ദിരത്തിൽ e-office സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

2402–00–101–86–ൽ പദ്ധതി ശീർഷകത്തിൽ 90.0 ലക്ഷം രൂപ അനുവദിച്ചതിൽ 89.276 ലക്ഷം രൂപ ചെലവഴിച്ചു.

**4.സോയിൽ മ്യൂസിയം**

**ശീർഷകം: 2402–00–101–83 പദ്ധതി**

കേരളത്തിലെ എല്ലാ മണ്ണിനങ്ങളെയും കുറിച്ചുള്ള സമഗ്രമായ വിവരം കർഷകർക്കും, ഗവേഷകർക്കും, വിദ്യാർത്ഥികൾക്കും ഭരണകർത്താക്കൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ കാസർഗോഡ് മുതൽ പാറശ്ശാലവരെയുള്ള വൈവിധ്യമാർന്ന മണ്ണിനങ്ങളുടെ പരിച്ഛേദികകൾ (പ്രതലം മുതൽ 2 മീറ്റർ താഴ്ച വരെയുള്ള മണ്ണ്) അവയുടെ സവിശേഷതകളും പരിമിതികളും ഉൾപ്പെടുന്ന വിവരണ സഹിതം പ്രദർശിപ്പിക്കുന്ന ഒരു സോയിൽ മ്യൂസിയം തിരുവനന്തപുരത്ത് പാറോട്ടുകോണത്ത് പ്രവർത്തിക്കുന്നു.

സോയിൽ മ്യൂസിയത്തിന്റെ ശാക്തീകരണത്തിനായി അടിസ്ഥാന സൗകര്യ വികസനത്തിനും കൂടുതൽ പ്രദർശന വസ്തുക്കൾ സജ്ജമാക്കുന്നതിനും മററ് അനുബന്ധ ചെലവുകൾക്കുമായി 2021 –22 സാമ്പത്തിക വർഷത്തിൽ 15.0 ലക്ഷം രൂപ അനുവദിച്ചു. പദ്ധതിയിനത്തിൽ 12.411 ലക്ഷം രൂപ ചെലവഴിച്ചു.

5. **ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാററാ ബാങ്ക് സൃഷ്ടിക്കൽ**
**ശീർഷകം: 2402–00–101–82 പദ്ധതി**

ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ, ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാററാ ബാങ്ക് സൃഷ്ടിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാൻ വിഭാവനം ചെയ്യുന്ന ഈ പദ്ധതിക്കായി 9.0 ലക്ഷം രൂപ 2021 –22 ലെ ബഡ്ജററിൽ വകയിരുത്തിയിരുന്നു. 2021 –22 സാമ്പത്തിക വർഷത്തിൽ 27 പഞ്ചായത്തുകളുടെ ഡാററാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി ശീർഷകത്തിൽ നിന്നും 8.989 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**പശ്ചിമ ഘട്ടത്തിന്റെ സംയോജിത വികസനം**
**ശീർഷകം: 2551– 01– 104 – 99 പദ്ധതി**

15.10.2019 ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 26/2019 പ്ലാനിംഗ് പ്രകാരം പശ്ചിമഘട്ട സെല്ലിന്റെ പ്രവർത്തനം നിർത്തലാക്കുകയും 2014–15 കാലയളവിൽ ഭരണാനുമതി ലഭിച്ച 23 നീർത്തട പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിനെ ഏൽപ്പിക്കുകയും ചെയ്തു. പശ്ചിമഘട്ട വികസന പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളിൽ മേൽനോട്ടം വഹിക്കുന്നതിനും ഹാഡ (HADA) പദ്ധതി, പശ്ചിമഘട്ട വികസനപദ്ധതി എന്നിവയിൽ പദ്ധതിലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.

പദ്ധതി പൂർത്തീകരണത്തിനായി പദ്ധതി ശീർഷകത്തിൽ 2021–22–ൽ തുക വകയിരുത്തിയിട്ടില്ലായിരുന്നു. ഭരണാനുമതി നൽകിയ പദ്ധതികളുടെ പൂർത്തീകരണത്തിനും സ്പിൽഓവർ ബാധ്യതകൾക്കുമായി 2021–22 വർഷത്തിൽ 2551–01–104–99 പദ്ധതി ശീർഷകത്തിൽ 22.12 ലക്ഷം രൂപ അധികധനാനുമതിയായി അനുവദിച്ചതിൽ **21.89 ലക്ഷം** രൂപ മലപ്പുറം ജില്ലയിലെയും കോട്ടയം ജില്ലയിലെയും പൂർത്തീകരിച്ച നീർത്തടപദ്ധതികളുടെ പശ്ചിമഘട്ട വിഹിതമായി അനുവദിച്ചു. കൂടാതെ പശ്ചിമഘട്ട പദ്ധതിയുടെ നീക്കിയിരിപ്പു തുകയിൽ നിന്നും കോട്ടയം, എറണാകുളം, കാസറഗോഡ് ജില്ലകൾക്ക് പൂർത്തീകരിച്ച നീർത്തടപദ്ധതികളുടെ പശ്ചിമഘട്ട വിഹിതമായി 36.71 ലക്ഷം രൂപ അനുവദിച്ചു.

**മലയോര വികസന ഏജൻസി**
**ശീർഷകം:** 4551- 01- 800 - 98 പദ്ധതി

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ സ.ഉ.(എം.എസ്) നം.26/2019/പ്ലാനിംഗ് തീയതി 15.10.2019 പ്രകാരം പശ്ചിമ ഘട്ട സെല്ലിന്റെ പ്രവർത്തനം അവസാനിപ്പിക്കുകയും ഹാഡയുടെ തുടർപ്രവർത്തനം ഈ വകുപ്പിനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഈ ശീർഷകത്തിൽ 2021–22 ൽ തുകയൊന്നും അനുവദിച്ചിട്ടില്ല. മലയോര ഏജൻസിയുടെ കീഴിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ സ്പിൽ ഓവർ ബാധ്യതകൾക്കായി 2021–22 വർഷത്തിൽ 34.18 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികധനാനുമതിയായി അനുവദിച്ചതിൽ 34.175 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ ഹാഡ പദ്ധതിയുടെ നീക്കിയിരിപ്പു തുകയിൽ നിന്നും ഇടുക്കി ജില്ല പാറത്തോട് ററൗൺ കുടിവെള്ള പദ്ധതിക്ക് 3.617 ലക്ഷം രൂപ അനുവദിച്ചു.

**ബി) <u>കേന്ദ്രാവിഷ്കൃത പദ്ധതി</u>**

**<u>കേന്ദ്ര സോയിൽഹെൽത്ത്കാർഡ് പദ്ധതി</u>**

കൃഷിവകുപ്പും മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന കേന്ദ്ര സോയിൽ ഹെൽത്ത് കാർഡ് പദ്ധതിയിൽ ഉൾപെടുത്തി, മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കുവാനും, മണ്ണറിഞ്ഞ് വളം ചെയ്യുവാനും സഹായിക്കുന്ന, മണ്ണിന്റെ രാസഭൗതികസ്വഭാവങ്ങളുടെയും ശാസ്ത്രീയ വളപ്രയോഗശുപാർശകളുടെയും ആധികാരികരേഖയായ സോയിൽ ഹെൽത്ത് കാർഡ് സംസ്ഥാനത്തെ എല്ലാ കർഷകർക്കും വിതരണം ചെയ്യുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. പദ്ധതിയുടെ രണ്ടാം സൈക്കിളിന്റെ ഭാഗമായി 2021 –22 വർഷത്തിൽ 1667 സോയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് വിതരണം ചെയ്തു. സോയിൽ ഹെൽത്ത് കാർഡ് പദ്ധതിയുടെ മൂന്നാം സൈക്കിളിന്റെ ഭാഗമായി ‘മോഡൽ വില്ലേജ് പ്രോഗ്രാമിൽ’ 2021–22 വർഷത്തിൽ 4562 സോയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തു. 2021 –22 വർഷത്തിൽ ആകെ 6229 സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തു.

**<u>ജിയോമാറ്റിക്സ് ലാബ്</u>**

കമ്പ്യൂട്ടറിന്റെയും അനുബന്ധ മേഖലകളുടെയും സാധ്യതകൾ സംസ്ഥാനത്തിന്റെ കാർഷിക വികസനത്തിന് ഉപയുക്തമാക്കുക എന്ന ലക്ഷ്യത്തോടെ വകുപ്പാസ്ഥാനത്തും ഉത്തര മേഖല മണ്ണു പര്യവേക്ഷണ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, തൃശ്ശൂർ.ജില്ലാ മണ്ണു പര്യവേക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം , കോഴിക്കോട് എന്നിവിടങ്ങളിലും ജിയോമാറ്റിക്സ് ലാബ് പ്രവർത്തിച്ചുവരുന്നു.

നൂതന സാങ്കേതിക വിദ്യകളായ ജി ഐഎസ് (GIS), ആർ എസ് (RS) എന്നിവ ഉപയോഗിച്ച്, വിവിധ പ്രദേശങ്ങളിലെ മണ്ണിനെ പറ്റിയുള്ള സമഗ്ര വിവരങ്ങൾ, ഭൂപടങ്ങൾ, നീർത്തടങ്ങളുടെ വിവരങ്ങൾ, നീർത്തട ഭൂപടങ്ങൾ എന്നിവ ഈ ലാബിൽ നിന്നും പഞ്ചായത്തുകൾക്കും സന്നദ്ധ സംഘടനകൾക്കും ഗവേഷണ വിദ്യാർത്ഥികൾക്കും സ്ഥാപനങ്ങൾക്കും മറ്റ് അനുബന്ധ വകുപ്പുകൾക്കും ലഭ്യമാക്കി. ഈ ഇനത്തിൽ 55563/- രൂപയുടെ നികുതിയിതര വരുമാനം ലഭിച്ചിട്ടുണ്ട്.

## മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബ്

വിദൂര പ്രദേശങ്ങളിലെ കർഷകർക്ക് തങ്ങളുടെ കൃഷിയിടങ്ങളിലെ മണ്ണ് പരിശോധനാ ഫലം ഉടനടി ലഭ്യമാക്കുന്നതിന് മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബിന്റെ പ്രവർത്തനം വകുപ്പ് 2017 ജനുവരി മാസം മുതൽ സജ്ജമാക്കിയിട്ടുണ്ട്. വയനാട് ജില്ലയിൽ വിവിധ പഞ്ചായത്തുകളിലായിട്ട് 11 സോയിൽ ടെസ്ററിംഗ് ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും മണ്ണ് സാമ്പിളുകൾ മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബിൽ പരിശോധിച്ച് കർഷകർക്ക് വളപ്രയോഗ ശുപാർശ നൽകുകയും ചെയ്തിട്ടുണ്ട്.

## "മണ്ണിനെ അറിയാം മൊബൈലിലൂടെ"(MAM)

വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കർഷകർക്ക് തങ്ങളുടെ കൃഷിയിടത്തിലെ മണ്ണിന്റെ ഫലപുഷ്ടിയെ കുറിച്ചും അവിടെ കൃഷിചെയ്യുന്ന വിളകൾക്ക് ആവശ്യമായ കൃത്യമായ വളപ്രയോഗ ശുപാർശയും വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന ''മണ്ണിനെ അറിയാം മൊബൈലിലൂടെ''(MAM) എന്ന മൊബൈൽ ആപ്ലിക്കേഷൻ IIITMK യുമായി സഹകരിച്ച് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. കേരളത്തിലെ എല്ലാ ജില്ലകളിലും ഈ മൊബൈൽ ആപ്ലിക്കേഷൻ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലെ കർഷകർക്കും ഈ സേവനം ലഭ്യമാണ്. കേരള കാർഷിക സർവ്വകലാശാല നിർദ്ദേശപ്രകാരമുള്ള രാസവളശുപാർശകളും ജൈവവളശുപാർശകളും ഇതിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

ഈ സാമ്പത്തികവർഷം പോഷകമൂലകങ്ങളുടെ പുതുക്കിയ ഡാററാബേസ് ഉൾപ്പെടുത്തി MAM ആപ്ലിക്കേഷൻ പരിഷ്ക്കരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 13654 മണ്ണ് സാമ്പിളുകൾ 2021-22 ൽ ഇതിനായി ശേഖരിച്ചിട്ടുണ്ട്.

## II. മണ്ണുസംരക്ഷണ പദ്ധതികൾ

2021-2022 സാമ്പത്തിക വർഷത്തിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ **3960** ലക്ഷം രൂപ വകയിരുത്തിയിരുന്നു. വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി 2021-2022 ൽ **2478.56 ലക്ഷം** രൂപ വിനിയോഗിച്ചിട്ടുണ്ട്.

### 1. നീർത്തട അടിസ്ഥാനത്തിൽ മണ്ണു ജല സംരക്ഷണം (ആർ.ഐ.ഡി.എഫ്)

**ശീർഷകം: 2402-00-102-86 പ്ലാൻ**

വെള്ളപ്പൊക്കവും കാർഷിക വരൾച്ചയും പരിമിതപ്പെടുത്തുവാനും കാർഷികോല്പാദനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് നീർത്തടാടിസ്ഥാനത്തിൽ മണ്ണു ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ XX മുതൽ XXV വരെയുള്ള ഘട്ടങ്ങളിലെ 95 പദ്ധതികളും പാലക്കാട് ജില്ലയിലെ 10 കുളങ്ങളുടെ പുനരുദ്ധാരണവുമാണ് ഈ സാമ്പത്തിക വർഷം നടപ്പിലാക്കിയത്.

2021–22 സാമ്പത്തിക വർഷം **2800.0 ലക്ഷം** രൂപ ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ളതിൽ **2031.483 ലക്ഷം** രൂപ ചെലവഴിച്ച് **5720 ഹെക്ടർ** പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ല യിൽ **10** കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്.

**2. <u>ശുദ്ധ ജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണു ജല സംരക്ഷണം</u>**

**ശീർഷകം: 2402–00–102–88 പ്ലാൻ**

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ശുദ്ധജല വിതരണ പദ്ധതിയുടെയും കൊല്ലം ജില്ലയിലെ ശാസ്താംകോട്ട, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി ശുദ്ധജല വിതരണ പദ്ധതികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണൊലിപ്പ് നിയന്ത്രിച്ച് പ്രസ്തുത ജല സംഭരണികളുടെ സംഭരണശേഷി വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. 2021–22 സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി **200** ഹെക്ടറിൽ മണ്ണ്ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി **65 ലക്ഷം** രൂപയാണ് ലഭി ച്ചിരുന്നത്. **2021–22** സാമ്പത്തിക വർഷത്തിൽ **23.62 ലക്ഷം രൂപ** ചെലവഴിച്ച് **92 ഹെക്ടർ** പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

**3. <u>മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ</u>**

**ശീർഷകം: 2402–00–102–87 പ്ലാൻ**

ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ മൂലം സംസ്ഥാനത്ത് കൃഷി നാശം സംഭവിച്ചതും സംഭവിക്കാൻ സാധ്യതയുമുള്ള പ്രദേശങ്ങളിൽ ശാസ്ത്രീയമായ മണ്ണു സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുക, അധിക ജലം സുരക്ഷിതമായി പുറത്തേക്കു ഒഴുക്കുന്നതിനുള്ള സംവിധാനം ഒരുക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. 2021–22 വർഷം **1000 ഹെക്ടർ** പ്രദേശത്തിന്റെ സംരക്ഷണാർത്ഥം **285.0 ലക്ഷം രൂപ** ബഡ്ജറ്റിൽ വകയിരിത്തിയിരുന്നു. ഈ പദ്ധതിയിൽ ഇടുക്കി, പത്തനംതിട്ട, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലായി ഈ സാമ്പത്തിക വർഷം 647 ഹെക്ടർ പ്രദേശത്ത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും **148.85 ലക്ഷം രൂപ** ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**4. <u>മണ്ണുസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്കും</u>** <u>മറ്റുള്ളവർക്കുമുള്ള</u> **<u>പരിശീലന പദ്ധതി</u>**

**ശീർഷകം: 2402–00–102–85 പദ്ധതി**

മണ്ണുപര്യവേക്ഷണ മണ്ണുസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്കും ത്രിതല പഞ്ചാ യത്തിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കും, മണ്ണുജല സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റുള്ളവർക്കും ഈ വിഷയത്തിൽ വേണ്ടത്ര അറിവ് പകരുന്നതിനും മണ്ണുജലസംരക്ഷണ മേഖലയിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന നവീന മാർഗ്ഗങ്ങൾ മന സ്സിലാക്കുന്നതിനും ബന്ധപ്പെട്ടവർക്ക് പകർന്നു നല്കുന്നതിനും മണ്ണുപര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പിൻ കീഴിൽ ഒരു പരിശീലന കേന്ദ്രം, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർഷെഡ് ഡവലപ്പമെന്റ് ആന്റ് മാനേജ്മെന്റ്–കേരള (IWDM-K, Chadayamangalam) ചടയമംഗലത്ത് പ്രവർത്തിക്കുന്നുണ്ട്.

2021–22 സാമ്പത്തിക വർഷം വിവിധ പരിശീലന പരിപാടികൾക്കായി 25 ലക്ഷം രൂപയും ഈ പരിശീലന കേന്ദ്രത്തിനെ ദേശീയ നിലവാരത്തിലുള്ള സ്ഥാപനമായി ഉയർത്തുന്നതിന്റെ ഭാഗമായുള്ള അടിസ്ഥാന വികസനത്തിന് 75 ലക്ഷം രൂപയുമാണ് വകകൊള്ളിച്ചിരിക്കുന്നത്. ഈ പദ്ധതിയിലൂടെ **38.673 ലക്ഷം രൂപ** ചെലവഴിച്ച് **2147** പരിശീലനാർത്ഥികൾക്കായി **33** പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

**നീർത്തടാധിഷ്ഠിത വികസനത്തിൽ ഡിപ്ലോമാ കോഴ്സ്**

ഇഗ്നോയും (IGNOU) കേന്ദ്രസർക്കാരിന്റെ ഭൂവിഭവ വകുപ്പുമായി സഹകരിച്ച് 2021–2022 ൽ ഒരുവർഷത്തെ വാട്ടർഷെഡ് മനേജ്മെന്റ് ഡിപ്ലോമാ കോഴ്സ് ഈ സ്ഥാപനം വഴി നടത്തിയിട്ടുണ്ട്. 6 പേർ ഈ കോഴ്സിൽ പങ്കെടുത്തിരുന്നു.

5. **മണ്ണുസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്കും** മറ്റുള്ളവർക്കുമുള്ള **പരിശീലന പദ്ധതി**
**ശീർഷകം: 4402–00–101–96 പദ്ധതി**

പരിശീലന കേന്ദ്രത്തിലെ ഹോസ്റ്റൽ നിർമ്മാണത്തിനായി 4402–00–101–96 ശീർഷകത്തിൽ 100 ലക്ഷം രൂപ അനുവദിച്ചിരുന്നെങ്കിലും ഹോസ്റ്റൽ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഹോസ്റ്റൽ നിർമ്മാണത്തിനായി COSTFORD മായി കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിരുന്നുവെങ്കിലും സമയബന്ധിതമായി പ്രവർത്തനങ്ങൾ ആരംഭിക്കാത്തതു കാരണം ഹോസ്റ്റൽ നിർമ്മാണത്തിൽ നിന്നും COSTFORD നെ ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നു.

6. **വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം**

**ശീർഷകം: 2402–00–102–81 പ്ലാൻ**

വകുപ്പിന്റെ ആസ്ഥാന മന്ദിരത്തിൽ e-office സമ്പ്രദായം നടപ്പിലാക്കുന്നതിനും ബന്ധപ്പെട്ട സോഫ്റ്റ്വെയറുകൾ ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ നിരന്തര വിലയിരുത്തൽ നടത്തുന്നതിനായി സ്ഥാപിക്കുന്ന മൂല്യനിർണ്ണയ സെല്ലിന്റെ പ്രവർത്തനങ്ങൾക്കായും **15 ലക്ഷം** രൂപക്ക് ഭരണാനുമതി ലഭിച്ചു. ധനപുനർവിനിയോഗം വഴി അധികമായി 100 ലക്ഷം രൂപ പദ്ധതിക്ക് ലഭ്യമായിരുന്നു. **2021–22** സാമ്പത്തിക വർഷത്തിൽ 109.315 ലക്ഷം രൂപ വിനിയോഗിച്ച് വകുപ്പിന്റെ ആസ്ഥാന മന്ദിരത്തിൽ e-office സമ്പ്രദായം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

7. **ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവനം**

**ശീർഷകം: 2402–00–102–78 (പദ്ധതി)**

കാർഷിക മേഖല അഭിമുഖീകരിക്കുന്ന വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഭൂഗർഭ ജലസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുമായി പരമ്പരാഗത ജലസ്ത്രോസ്സുകളുടെയും നീരുറവകുളുടെയും ജലനിർഗമന മാർഗ്ഗങ്ങളുടെയും നദികളുടെ കൈവഴികളുടെയും പോഷണവും പുനരുജ്ജീവനവുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

2021–2022 സാമ്പത്തിക വർഷം പരമ്പരാഗത ജലസ്ത്രോസ്സുകളുടെ പുനരുജ്ജീവനത്തിനും ഭൂഗർഭജലവിതാനതോത് ആപത്കരമാംവിധം കുറഞ്ഞിരിക്കുന്ന (പാലക്കാട് ജില്ലയിലെ പെരുമാട്ടി പഞ്ചായത്ത്) പ്രദേശങ്ങളിലെ ഭൂഗർഭജലവിതാനം ഉയർത്തുവാനുള്ള പ്രവർത്തനങ്ങൾക്കുമായി 95 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ **78.48 ലക്ഷം** രൂപ ചെലവഴിച്ച് **401 ഹെക്ടർ** പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ കാസർഗോഡ് ജില്ലയിലെ അങ്കകളരി കുളത്തിന്റെ നവീകരണ പ്രവർത്തനങ്ങളും 2021–2022 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്.

**8. <u>സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസനം</u>**

**ശീർഷകം: 2402–00–102–77 (പദ്ധതി)**

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഉണ്ടായ പ്രളയം/ഉരുൾപൊട്ടലുകൾക്ക് ശേഷം മണ്ണും മണ്ണിന്റെ ഈർപ്പവും സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം വർദ്ധിച്ചിരിക്കുന്നു. സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസനത്തിലൂടെ ഉത്പാദന വർദ്ധനവും സുസ്ഥിരമായ കാർഷിക വികസനവും സാദ്ധ്യമാണ്. ആയതിനാൽ പ്രസ്തുത പദ്ധതിയിലൂടെ നിയോജകമണ്ഡലാധിഷ്ഠിതമായ സൂക്ഷ്മ നീർത്തട വികസനം ലക്ഷ്യമിടുന്നു.

2021–2022 സാമ്പത്തിക വർഷം തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ സൂക്ഷ്മനീർത്തടാധിഷ്ഠിത വികസന പദ്ധതി നടപ്പിലാക്കുന്നതിന് 200 ലക്ഷം രൂപയും കാട്ടാക്കട നിയോജക മണ്ഡലത്തിലെ സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസന പദ്ധതി നടപ്പിലാക്കുന്നതിന് 100 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ധനപുനർവിനിയോഗം വഴി 100 ലക്ഷം രൂപ 2402–00-102–81 പദ്ധതി ശീർഷകത്തിലേക്ക് വകമാറ്റിയിരുന്നു. ഈ പദ്ധതിയിലൂടെ **47.7 ലക്ഷം** രൂപ ചെലവഴിച്ച് **136 ഹെക്ടർ** പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

**9. <u>നബാർഡിന്റെ നിഡ (NIDA) സാമ്പത്തിക സഹായത്തിൽ തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ സമഗ്ര നീർത്തട വികസന പദ്ധതി</u>**

**ശീർഷകം: 2402–00-102–76 പ്ലാൻ**

തളിപ്പറമ്പ് നിയോജക മണ്ഡലത്തിന്റെ സമഗ്ര വികസനത്തിനും മേഖല അഭിമുഖീകരിക്കുന്ന രൂക്ഷമായ ജലദൗർലഭ്യത്തിന് ഒരു ശാശ്വത പരിഹാരം കാണുന്നതിനുമായി 7 പഞ്ചായത്തുകളിലും 2 മുനിസിപ്പാലിറ്റികളിലുമായി വ്യാപിച്ചു കിടക്കുന്ന 5408.3 ഹെക്ടർ പ്രദേശത്തിന്റെ വികസനം ലക്ഷ്യമാക്കി നബാർഡിന്റെ അടിസ്ഥാന സൗകര്യ വികസന സഹായ പദ്ധതിയിൽ (NIDA) ഉൾപ്പെടുത്തി **63.88 കോടി രൂപ** അടങ്കൽ വരുന്ന **ജലസമൃദ്ധി** പദ്ധതി നിർവ്വഹണം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

കൃഷി IFA വകുപ്പിന്റെ 16.12.2021 ലെ 1026/2021/കൃഷി നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പദ്ധതിക്ക് 2021–22 സാമ്പത്തിക വർഷം പുതുതായി അനുവദിച്ച 2402-00- 102-76 പദ്ധതി ശീർഷകത്തിൽ ധനപുനർവിനിയോഗം വഴി **0.44 ലക്ഷം** രൂപ വകകൊള്ളിച്ചിരുന്നു. പ്രസ്തുത തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട്. കാർഷിക വനവത്കരണം, മേൽക്കൂരയിൽ നിന്നുള്ള മഴവെള്ള സംഭരണം, കുളങ്ങളുടെ പുനരുദ്ധാരണം,

പാർശ്വഭിത്തി നിർമ്മാണം, പെർക്കൊലേഷൻ കുളങ്ങൾ, ജലസംഭരണികൾ, തടയണകൾ, ക്രോസ്സ്ബാറുകൾ എന്നിവയുടെ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

## മററു പദ്ധതികൾ

- **റീബിൽഡ് കേരള** പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ, ഇടുക്കി, വയനാട്, ആലപ്പുഴ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പാരിസ്ഥിതിക പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 2021–2022 സാമ്പത്തിക വർഷം **1475.29 ലക്ഷം** രൂപ ചെലവഴിച്ച് **5373 ഹെക്ടർ** പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.
- **വയനാട്** ജില്ലയിലെ മുള്ളൻകൊല്ലി, പുൽപ്പള്ളി, പൂതാടി പഞ്ചായത്തുകളിലെ വരൾച്ചാ/വെള്ളപ്പൊക്ക നിവാരണത്തിനായി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയിൽ **49.26 ലക്ഷം രൂപയുടെ** പ്രവർത്തനങ്ങൾ നടപ്പിലാക്കി.
- രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ കപ്പള്ളി നെടുങ്കണ്ടി പാടശേഖര അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതിയിൽ **37.77 ലക്ഷം** രൂപയുടെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി.
- ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ ശീതകാല പഴം/പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനം, ജല ലഭ്യത ഉറപ്പാക്കുക, ഉൽപാദനം വർദ്ധിപ്പിക്കുക, തുടങ്ങിയ ലക്ഷ്യത്തോടെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ വഴി RKVY ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയിൽ **25.43 ലക്ഷം** രൂപയ്ക്കുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി.
- 2021–22 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ജില്ലാ പഞ്ചായത്ത് പദ്ധതികൾ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തു ഫണ്ട് വിനിയോഗിച്ചു ടെൻഡർ മുഖേന പട്ടികജാതി പട്ടിക വർഗ്ഗ കോളനികളിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി. തിരുവനന്തപുരം ജില്ലയിൽ ജലശ്രീ, ഗ്രീൻ പാർക്ക് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ പുഴ പുനരുജ്ജീവന പദ്ധതിയിൽ ഉൾപ്പെടുത്തി കാനാമ്പുഴ , അഞ്ചരക്കണ്ടി പുഴ എന്നിവയുടെ പുനരുജ്ജീവനം വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ സുവർണ്ണഗിരി പുഴ പുനരുജ്ജീവനത്തിനായുള്ള പ്രവർത്തനങ്ങൾ സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്. കോഴിക്കോട് ജില്ലയിൽ ഗ്രീൻ പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ഫലവൃക്ഷ തൈകളുടെ വിതരണം നടപ്പിലാക്കിയിട്ടുണ്ട്. വിവിധ ജില്ലാ പദ്ധതികളിൽ ഉൾപ്പെടുത്തി ബോധവത്കരണ പരിപാടികളും വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.
- കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി നീർച്ചാൽ പുനരുജ്ജീവനത്തിനായി വിവിധ വകുപ്പുകളുടെ എകോപനത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ 2019 - 20 വർഷത്തിൽ 188.50 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 66.289 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 2022 - 23 വര്ഷം പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.
- PMKSY പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ 3.26 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും കണ്ണൂർ ജില്ലയിൽ 8.54 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും 2021 -22 സാമ്പത്തിക വര്ഷം നടപ്പിലാക്കിയിട്ടുണ്ട്.

- വയനാട് തൃശൂർ ജില്ലകളിൽ പട്ടികജാതി പട്ടിക വർഗ്ഗ കോളനികളിൽ TSP/ SCP ഫണ്ട് വിനിയോഗിച്ചുള്ള പ്രവർത്തനങ്ങളും വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

## 2021–2022 **സാമ്പത്തിക വർഷത്തെ മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പിന്റെ പദ്ധതി പുരോഗതി**

(രൂപ ലക്ഷത്തിൽ )

| ക്രമ നം. | പദ്ധതിയുടെ പേരും ശീർഷകവും | ബജറ്റ് വിഹിതം | 2021–2022–ൽ ചെലവഴിച്ച തുക | 2021–2022 ലെ ഭൗതിക ലക്ഷ്യം | 2021–2022 ലെ ഭൗതിക പുരോഗതി |
|---|---|---|---|---|---|
| | **മണ്ണുസംരക്ഷണ പദ്ധതികൾ** | | | | |
| 1 | നീർത്തട അടിസ്ഥാനത്തിലുള്ള മണ്ണുസംരക്ഷണ പദ്ധതി (ആർ. ഐ.ഡി.എഫ്.) 2402–001–102–86 (പദ്ധതി) | 3000 | 2031.483 | 10000 ഹെക്ടർ | 5720 ഹെക്ടർ |
| 2 | ശുദ്ധ ജലസംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണുജല സംരക്ഷണം 5425–00–208–97 (പദ്ധതി) | 65 | 23.62 | 200 ഹെക്ടർ | 92 ഹെക്ടർ |
| 3 | മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ 2402–00–102–87 (പദ്ധതി) | 285 | 148.85 | 1000 ഹെക്ടർ | 647 ഹെക്ടർ |
| 4 | ഉദ്യോഗസ്ഥന്മാർക്ക് പരിശീലന പരിപാടി:2402–00–102–85(പദ്ധതി) | 100 | 38.673 | 32 പരിശീലനം, 1530 പരിശീലനാർത്ഥികൾ | 33 പരിശീലനം, 2147 പരിശീ ലനാർത്ഥികൾ |
| 5 | ഉദ്യോഗസ്ഥന്മാർക്ക് പരിശീലന പരിപാടി:4402–00–101–96(പദ്ധതി) | 100 | | ഹോസ്റ്റൽ നിർമ്മാണ പ്രവർത്തനങ്ങൾ നട പ്പിലാക്കാൻ സാധിച്ചിട്ടില്ല. | |
| 6 | വിവര സാങ്കേതിക വിദ്യയുടെ ഉപ യോഗം, അവലോകനവും വിലയി രുത്തലും 2402–00–102–81 (പദ്ധതി) | 115 | 109.315 | വകുപ്പിന്റെ ആസ്ഥാന മന്ദിരത്തിൽ e-office സമ്പ്രദായം നടപ്പിലാ ക്കുക | വകുപ്പിന്റെ ആസ്ഥാന മന്ദിര ത്തിൽ e-office സമ്പ്രദായം നടപ്പി ലാക്കി |
| 7 | ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവനം 2402–00–102–78 (പദ്ധതി) | 95 | 78.48 | 365 ഹെക്ടർ | 401 ഹെക്ടർ |
| 8 | സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസനം 2402–00–102–77 (പദ്ധതി) | 200 | 47.7 | 1200 ഹെക്ടർ | 136 ഹെക്ടർ |

| ക്രമ നം. | പദ്ധതിയുടെ പേരും ശീർഷകവും | ബജറ്റ് വിഹിതം | 2021–2022–ൽ ചെലവഴിച്ച തുക | 2021–2022 ലെ ഭൗതിക ലക്ഷ്യം | 2021–2022 ലെ ഭൗതിക പുരോഗതി |
|---|---|---|---|---|---|
| 9 | തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ സമഗ്ര നീർത്തട വികസന പദ്ധതി (NIDA) | 200 | 0.436 | 750 ഹെക്ടർ | 10 ഹെക്ടർ |
| | **മണ്ണുപര്യവേക്ഷണ പദ്ധതികൾ** | | | | |
| 1 | മണ്ണുപര്യവേക്ഷണ ഉദ്യോഗസ്ഥർക്ക് പരിശീലനം<br>2402–00–101–89 (പദ്ധതി) | 11 | 9.93 | 25 ഉദ്യോഗസ്ഥർക്ക് പരിശീലനം | 64 ഉദ്യോഗസ്ഥർ |
| 2 | ലബോറട്ടറീസ്<br>2402–00–101–90 (പദ്ധതി) | 120 | 101.97 | 30000 മണ്ണു സാമ്പിളുകൾ | 21403 മണ്ണു സാമ്പിളുകൾ |
| 3 | സോയിൽ ഇൻഫർമാറ്റിക്സ് & പബ്ലിക്കേഷൻ സെൽ<br>2402–00–101–86 (പദ്ധതി) | 90 | 89.276 | വിശദമണ്ണുപര്യവേക്ഷണവും പുനർനിർണ്ണയവും 50000 ഹെക്ടർ, 20 മണ്ണു പര്യവേക്ഷണ റിപ്പോർട്ടുകൾ, Digital soil maps to be generated - 1034 | 29784 ഹെക്ടർ, 20 മണ്ണു പര്യവേക്ഷണ റിപ്പോർട്ടുകൾ<br>Digital soil maps generated – 205<br>Other maps - 91 |
| 4 | സോയിൽ മ്യൂസിയം<br>2402–00–101–83 (പദ്ധതി) | 15.0 | 12.411 | സോയിൽ മ്യൂസിയത്തിന്റെ ശാക്തീകരണവും അടിസ്ഥാന സൗകര്യ വികസനവും | |
| 5 | ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാററാ ബാങ്ക് സൃഷ്ടിക്കൽ<br>2402–00–101–82 (പദ്ധതി) | 9.0 | 8.989 | 50 പഞ്ചായത്ത് | 27 പഞ്ചായത്തുകളുടെ ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ട്. |
| | **ആകെ (പദ്ധതി)** | **4205** | **2701.132** | | |
| 1 | പശ്ചിമ ഘട്ടത്തിന്റെ സംയോജിത വികസനം<br>2551–01–104–99 പദ്ധതി | 22.12 | 21.894 | പദ്ധതികളുടെ പൂർത്തീകരണത്തിനും സ്പിൽ ഓവർ ബാധ്യതകൾക്കുമായി തുക വിനിയോഗിച്ചു | |
| 2 | മലയോര വികസന ഏജൻസി<br>4551–01–800–98 പദ്ധതി | 34.18 | 34.176 | പദ്ധതികളുടെ പൂർത്തീകരണത്തിനും സ്പിൽ ഓവർ ബാധ്യതകൾക്കുമായി തുക വിനിയോഗിച്ചു | |

2021–2022 **ൽ മണ്ണുപര്യവേക്ഷണ സംരക്ഷണ വകുപ്പ് കൈവരിച്ച പ്രധാനപ്പെട്ട നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.**

- കേരളത്തിലെ എല്ലാ മണ്ണിനങ്ങളെയുംകുറിച്ചുള്ള സമഗ്രമായ വിവരം കർഷകർക്കും, ഗവേഷകർക്കും, വിദ്യാർത്ഥികൾക്കും ഭരണകർത്താക്കൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കാസർഗോഡ് മുതൽ പാറശ്ശാലവരെയുള്ള കേരളത്തിലെ വൈവിധ്യമാർന്ന മണ്ണിനങ്ങളുടെ പരിച്ഛേദികൾ (പ്രതലം മുതൽ 2 മീറ്റർ താഴ്ച വരെയുള്ള മണ്ണ്) അവയുടെ സവിശേഷതകളും പരിമിതികളും ഉൾപ്പെടുന്ന വിവരണ സഹിതം പ്രദർശിപ്പിക്കുന്ന ഒരു സോയിൽ മ്യൂസിയം തിരുവനന്തപുരത്ത് പാറോട്ടുകോണത്ത് പ്രവർത്തിക്കുന്നു. 2021–2022 ൽ ഇന്ത്യയിലെ വിവിധ Agro-Ecological Zone കളെ പ്രതിനിധീകരിക്കുന്ന 20 മോണോലിത്തുകൾ സോയിൽമൂസിയത്തിൽ പ്രദർശനസജ്ജമാക്കി.

- കേന്ദ്ര സോയിൽ ഹെൽത്ത് കാർഡ് പദ്ധതിയിൽ ഉൾപെടുത്തി മണ്ണറിഞ്ഞ് വളം ചെയ്യുന്നതിനായി മണ്ണിന്റെ രാസഭൗതിക സ്വഭാവങ്ങളുടെ ആധികാരിക രേഖയായ സോയിൽ ഹെൽത്ത് കാർഡ് സംസ്ഥാനത്തെ കർഷകർക്ക് വിതരണം ചെയ്യുന്നതിന്റെ ഭാഗമായി 2021 –22 വർഷത്തിൽ 6229 സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തു.
- ജി.ഐ.എസ് സാങ്കേതിക വിദ്യയിലൂടെ പഞ്ചായത്തു തല ഡിജിറ്റൽ ഭൂവിഭവ വിവരം കർഷകർക്ക് ലഭ്യമാക്കാൻ മൈക്രോ ലെവൽ ഇൻഫർമേഷൻ സിസ്റ്റം ഓൺ സോയിൽസ് ഓഫ് കേരള (മിസ്ക്ക്) 2015 മേയ് മാസത്തിൽ സ്ഥാപിതമായി. തൃശ്ശൂർ, വയനാട് ജില്ലകളിലെ 58 പഞ്ചായത്തുകളുടെ മണ്ണ് ഭൂവിഭവ വിവരം ഡിജിറ്റൽ രൂപത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഓരോ പഞ്ചായത്തിന്റെയും സമഗ്ര ഭൂവിഭവ വിവര ശേഖരണം മിസ്ക്കിൽ അപ്‌ലോഡ് ചെയ്യുന്നതു വഴി ഓരോ കർഷകനും സ്വന്തം കൃഷിയിടത്തിലെ മണ്ണിന്റെയും ഭൂപ്രകൃതിയുടെയും ശാസ്ത്രീയമായ എല്ലാ വിവരങ്ങളും നേരിട്ട് കംപ്യൂട്ടറിന്റെ സഹായത്തോടെ വിരൽത്തുമ്പിൽ ലഭ്യമാകുന്നതാണ്.
- ജില്ലയിലെ മണ്ണ് ഭൂവിഭവങ്ങൾ, നീർത്തടങ്ങൾ എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ, മറ്റ് ഗവേഷണ സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ, വിദ്യാർത്ഥികൾ എന്നിവർ നല്കിയ മണ്ണുസാമ്പിളുകളുടെ പരിശോധനാഫലം എന്നിവ ആവശ്യാനുസരണം വിദ്യാർത്ഥികൾക്കും ശാസ്ത്രജ്ഞൻമാർക്കും മറ്റ് ഗവേഷണ സ്ഥാപനങ്ങൾക്കും ലഭ്യമാക്കി.
- പ്രാദേശിക തലത്തിലും, പഞ്ചായത്ത് നീർത്തടാധിഷ്ഠിത തലത്തിലും വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ഭൂവിഭവങ്ങളെക്കുറിച്ച് വിവരങ്ങൾ അത്യാവശ്യമാണ്. അതിനായി പഞ്ചായത്തുകൾ, നീർത്തടങ്ങൾ എന്നിവയുടെ വിശദ മണ്ണുപര്യവേക്ഷണം നടപ്പിലാക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ ഭൂവിഭവ റിപ്പോർട്ടുകൾ തയ്യാറാക്കി ഉപയോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തു.
- പശ്ചിമഘട്ട വികസന പദ്ധതിയുടെ കീഴിൽ 2014-15 കാലയളവിൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ പൂർത്തീകരണത്തിനും സ്പിൽ ഓവർ ബാധ്യതകൾക്കുമായി 21.89 ലക്ഷം രൂപ മലപ്പുറം ജില്ലയിലെയും കോട്ടയം ജില്ലയിലെയും പൂർത്തീകരിച്ച

നീർത്തടപദ്ധതികളുടെ പശ്ചിമഘട്ട വിഹിതമായി അനുവദിച്ചു. കൂടാതെ പശ്ചിമഘട്ട പദ്ധതിയുടെ നീക്കിയിരിപ്പു തുകയിൽ നിന്നും കോട്ടയം, എറണാകുളം, കാസറഗോഡ് ജില്ലകൾക്ക് പൂർത്തീകരിച്ച നീർത്തടപദ്ധതികളുടെ പശ്ചിമഘട്ട വിഹിതമായി 36.71 ലക്ഷം രൂപ അനുവദിച്ചു.

- മലയോര ഏജൻസിയുടെ കീഴിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ സ്പിൽ ഓവർ ബാധ്യത കൾക്കായി 34.175 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ ഹാഡ പദ്ധതിയുടെ നീക്കിയിരിപ്പു തുകയിൽ നിന്നും ഇടുക്കി ജില്ല പാറത്തോട് ഠൗൺ കുടിവെള്ള പദ്ധതിക്ക് 3.617 ലക്ഷം രൂപ അനുവദിച്ചു.
- പഞ്ചായത്തുതലത്തിൽ നടത്തി വരുന്ന മണ്ണ് പര്യവേക്ഷണ പ്രവർത്തനങ്ങളിലൂടെ ലഭിച്ച ഭൂവിഭവ വിവരശേഖരം ഡിജിററൽ പ്ലാററ്ഫോമിക്കേ് മാററുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു. ഇതിൻെറ ഭാഗമായി 205 ഭൂപടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.
- സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിൽ ഈ വർഷം 18184 ഹെക്ടർ സ്ഥലത്ത് വിശദ മണ്ണ് പര്യവേക്ഷണവും 11600 ഹെക്ടർ സ്ഥലത്ത് വിശദ മണ്ണ് പര്യവേക്ഷണ പുനർനിർണ്ണയവും നടത്തി 20 മണ്ണുപര്യവേക്ഷണ റിപ്പോർട്ടുക ളും 91 ഭൂപടങ്ങളും പ്രസിദ്ധീകരിച്ചു.
- മണ്ണു പര്യവേക്ഷണ വിഭാഗം നീർത്താടാധിഷ്ഠിത പദ്ധതി നടത്തിപ്പിനായുള്ള സാങ്കേതിക സഹായം, മണ്ണിന്റെ രാസപരിശോധന, മണ്ണ് വിഭവങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ നല്കൽ എന്നീ സേവനം ലഭ്യമാക്കുക വഴി ലഭിച്ച നികുതിയേതര വരുമാനമായ 3,35,094 രൂപ സർക്കാർ റസീപ്റ്റ്സ് ഹെഡ്ഡിൽ നിക്ഷേപിക്കുകയുണ്ടായി.
- ആലപ്പുഴജില്ലയിലെ പ്രശ്നബാധിതമണ്ണിനങ്ങളുടെ പുനരുജ്ജീവനം എന്ന വിഷയത്തിൽ ഏകദിന ശിൽപശാലയും ദ്വിദിനപ്രദർശനവും ചേർത്തല സെന്റ് മൈക്കൾസ് കോളേജിൽ സംഘടിപ്പിച്ചു.
- നബാർഡ് സഹായത്തോടെ ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി XX മുതൽ XXV വരെയുള്ള ഘട്ടങ്ങളിലെ 95 പദ്ധതികളും പാലക്കാട് ജില്ലയിലെ 10 കുളങ്ങളുടെ പുനരുദ്ധാരണത്തിനുമായി 20.31 കോടി രൂപയുടെ മണ്ണുജല സംരക്ഷണ പ്ര വർത്തനങ്ങൾ നടപ്പിലാക്കി.
- ശുദ്ധജല വിതരണ പദ്ധതികളായ അരുവിക്കര, ശാസ്താംകോട്ട പെരുവണ്ണാമൂഴി സംഭരണികളുടെ വൃഷ്ടി പ്രദേശത്ത് 23.62 ലക്ഷം രൂപയുടെ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി.
- ഇടുക്കി, പത്തനംതിട്ട, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിൽ 148.85 ലക്ഷം രൂപയുടെ സംരക്ഷണ പ്ര വർത്തനങ്ങൾ നടപ്പിലാക്കി.
- പരമ്പരാഗത ഉറവകളുടേയും ജലസ്ത്രോസ്സുകളുടേയും പുനരുജ്ജീവനത്തിനും ഭൂഗർഭ ജലവിതാന തോത് ആപത്കരമാം വിധം കുറഞ്ഞിരിക്കുന്ന പ്രദേശങ്ങ ളിലെ ഭൂഗർഭജലവിതാനം ഉയർത്തുവാനും, നീർച്ചാലുകളുടെ പുനരുജ്ജീവന ത്തിനും 78.48 ലക്ഷം രൂപ ചെലവഴിച്ച് 401 ഹെക്ടർ പ്രദേശത്ത് മണ്ണുജലസംര ക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി

- സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസനത്തിലൂടെ തളിപ്പറമ്പ്, കാട്ടാക്കട നിയോജക മണ്ഡലങ്ങളിൽ 47.7 ലക്ഷം രൂപ ചെലവഴിച്ച് 136 ഹെക്ടർ പ്രദേശത്ത് മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി.
- നബാർഡിന്റെ നിഡ (NIDA) സാമ്പത്തിക സഹായത്തിൽ തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ സമഗ്ര നീർത്തട വികസന പദ്ധതിയ്ക്കു 2021–22 സാമ്പത്തിക വർഷം അനുവദിച്ച 2402- 00- 102-76 പദ്ധതി ശീർഷകത്തിൽ ധനപുനർവിനിയോഗം വഴി വകകൊള്ളിച്ച **0.44 ലക്ഷം** രൂപ ചെലവഴിച്ചു.
- പ്രളയാനന്തര കേരള പുനർനിർമ്മാണത്തിനും പരിസ്ഥിതി പുനരുജ്ജീവനത്തിനുമായി റീബിൽഡ് കേരള പദ്ധതിയിൽ 14.75 കോടി രൂപ ചെലവഴിച്ച് 5373 ഹെക്ടർ പ്രദേശത്ത് മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി.
- ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ ശീതകാല പഴം/പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 25.43 ലക്ഷം രൂപയ്ക്കുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി.
- വയനാട് പാക്കേജിൽ ഉൾപ്പെടുത്തി മുള്ളൻകൊല്ലി, പുൽപ്പള്ളി, പൂതാടി പഞ്ചായത്തുകളിലെ സമഗ്ര വരൾച്ച ലഘൂകരണ പദ്ധതിയുടെ നിർവ്വഹണത്തിനായി 49.26 ലക്ഷം രൂപയുടെ മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി.
- രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ കപ്പള്ളി നെടുങ്കണ്ടി പാടശേഖര അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതിയിൽ **37.77 ലക്ഷം** രൂപയുടെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി.
- ചടയമംഗലത്തിലുള്ള സംസ്ഥാന നീർത്തട പരിപാലന പരിശീലന കേന്ദ്രത്തിൽ (IWDM-K) 2021–2022 സാമ്പത്തിക വർഷം 33 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.
- ഇഗ്നോയും (IGNOU) കേന്ദ്രസർക്കാരിന്റെ ഭൂവിഭവ വകുപ്പുമായി സഹകരിച്ച് ഒരുവർഷത്തെ വാട്ടർഷെഡ് മനേജ്മെന്റ് ഡിപ്ലോമാ കോഴ്സ് ഈ സ്ഥാപനം വഴി നടത്തിയിട്ടുണ്ട്. 2021–2022 ൽ 6 പേർ ഈ കോഴ്സിൽ പങ്കെടുത്തിരുന്നു.

## 2021–2022 ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടുകൾ

### പഞ്ചായത്തുകളുടെ വിശദ മണ്ണ് ഭൂവിഭവ റിപ്പോർട്ടുകൾ

2021–2022 ൽ 20 മണ്ണുപര്യവേക്ഷണ റിപ്പോർട്ടുകളും 91 ബന്ധപ്പെട്ട ഭൂപടങ്ങളും പ്രസിദ്ധീകരിച്ചു.

**<u>പരിശീലനങ്ങൾ</u>**

ഈ വകുപ്പിലെ ഉദ്യോഗസ്ഥർ പങ്കെടുത്ത വിവിധ പരിശീലന പരിപാടികൾ ചുവടെ ചേർക്കുന്നു.

| നംബർ | പരിശീലനങ്ങൾ | പങ്കെടുത്തവർ |
|---|---|---|
| 1 | Geospatial technology (IIITMK) | 40 പേർ |
| 2 | Digital Classification of Satellite Image for Land Use/Land Cover map preparation and accuracy assessment (MG University) | 18 പേർ |
| 3 | Raster Analysis in GIS (MG University) | 22 പേർ |
| 4 | Soil Based Applications of Geoinformatics (MG University) | 27 പേർ |
| 5 | Soil Health Management and Watershed Development (IWDMK) | 27 പേർ |
| 6 | Integrated Watershed Management and Planning (CWRDM) | 30 പേർ |
| 7 | Application of Isotope Technology in Water Resource Management | 6 പേർ |
| 8 | Rainfall and Weather Parameter Analysis using Geospatial Technology | 8 പേർ |
| 9 | Advances of Soil Moisture Measurements and its estimation and related studies (CWRDM) | 33 പേർ |
| 10 | Application of Remote Sensing and GIS with special emphasis on hands on training in GIS software in NRM (CWRDM) | 34 പേർ |

IWDMK മുഖേന നടപ്പിലാക്കിയ വിവിധ പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പരിശീലനങ്ങൾ | പങ്കെടുത്തവർ |
|---|---|---|
| **A** | **ONLINE TRAINING PROGRAMMES** | |
| 1 | Training on Audit procedure and Diciplinary Action for technical officers and ministerial staff of our department on 14/07/2021 | 77 |
| 2 | Training on Natural calamities and Disaster risk alleviation for field level officers of our department o on 16/07/2021 | 52 |
| 3 | Training on Project Management, Measurement and bill preparation for KLDC Officers. (22/07/21 to 23/07/21) | 82 |
| 4 | Training on tendering procedures for officers of our department and KLDC ON 27/07/2021 &28/07/2021. | 42 |
| 5 | Training on NRM and Watershed Managementfor officers of line department. (03.08.2021) | 57 |
| 6 | Training on Recording in M-Book and Level field book for soil conservation officers and assistant engineers of the department.10.08.2021 to 11.08.2021) | 41 |
| 7 | Virtual study tour & Training for Kerala Agricultural University Students (2019-20) of IAT, RARS, Pattambi- 15/09/2021 | 100 |
| 8 | Training on watershed management for students of kerala Agricultural university B- Tech Agri.Engg students of KCAET TAVANUR( 16/09/21 TO 20/09/21) | 47 |
| 9 | Training on Office procedures included in Government purchases, Filing of e-TDS etc for officers and ministerial staff of our department.(28/09/2021) | 68 |
| 10 | Online Training on prediction, management, disaster risk reduction of land slide occurance. (28/01/2022,29/01/2022) | 46 |
| 11 | Training on Tendering procedure online traning for officers of the department on 09/02/22 to 10/02/22 | 53 |
| **B** | **SUB TOTAL** | **665** |
| | **CAMPUS TRAINING PROGRAMMES** | |
| 1 | Training on Estimation, Design and recording of ALT works for SCOs and Aes of the department. (11/10/2021,13/10/21) | 19 |
| 2 | Advanced training on GIS for technical officers of our department and KLDC staff. (21.10.21 to 23.10.21) | 26 |
| 3 | Training on watershed management and soil conservation measures for Beat forest officers of State Forest Institute, Arippa. (28/10/2021) | 56 |

| | പരിശീലനങ്ങൾ | പങ്കെടുത്തവർ |
|---|---|---|
| 4 | Training on Estimation Design and Recording of DLT works for SCOs and Aes of the department. (10/11/2021 to 12/11/2021) | 23 |
| 5 | Training on File Handling, financial management maintaining registers etc for ministerial staff of the department. (16/11/221 to 17/11/2021) | 30 |
| 6 | Training on File Handling, financial management maintaining registers etc for ministerial staff of the department (second batch) .(19/11/221 to 20/11/2021) | 23 |
| 7 | Check measurement of soil conservation schemes for DSCOs,ADSCs,DDSC of the department.(23/11/2021 to 24/11/2021) | 19 |
| 8 | Training on tendering procedures for KLDC officers . (26/11/2021) | 38 |
| 9 | Training on Natural calamities and Disaster management &NRM for elected representatives of LSGD . (01/12/2021 to 02/12/2021) | 48 |
| 10 | Training on Soil Health management and Watershed Development for the soil survey officers/assistant directors of the department. (08/12/2021,09/12/2021,10/12/2021) | 25 |
| 11 | Bharanabhasha training for officers of all cadres of the department,KLDC. (16/12/2021) | 72 |
| 12 | Training for Kerala Agricultural University Students. (17/12/21,18/12/21,20/12/21) | 20 |
| 13 | Training on Tendering Procedures for the DSCO/ADSC/SCO/AE/OVERSEERS /clerical staff of our department. Campus training on 17/12/2021to 18/12/2021 | 34 |
| 14 | Training on Price software for technical officers of the department. (22/12/2021 to23/12/2021) | 38 |
| 15 | Training on NRM and Watershed Managementfor officers of LSGD members, farmers etc.(03/01/2022,04/01/2022 | 45 |
| | **SUB TOTAL** | **516** |
| **C** | **OFF CAMPUS TRAININGS** | |
| 1 | Off campus training at pathanamthitta district. Training on climate change, natural calamities and NRM for elected representatives, CDS, kudumbasree members, farmers etc.(06/01/2022) | 117 |
| 2 | Off campus training at pathanamthitta district. Training on climate change, natural calamities and NRM for elected representatives,CDS, kudumbasree members, farmers etc.(07/01/2022) | 114 |
| 3 | Off campus training at Thiruvananthapuram district .Training on climate change, natural calamities and NRM for elected representatives,CDS ,kudumbasree members, farmers etc.(10/11/2022) | 106 |

| | പരിശീലനങ്ങൾ | പങ്കെടുത്തവർ |
|---|---|---|
| 4 | Off campus training at Thiruvananthapuram district .Training on climate change, natural calamities and NRM for elected representatives,CDS ,kudumbasree members, farmers etc.(11/01/2022) | 123 |
| 5 | Off campus training at Kollam district ( Pathanapuram).Training on climate change, natural calamities and NRM for elected representatives,CDS ,kudumbasree members, farmers etc.(15/01/2022) | 80 |
| 6 | Off campus training at Idukki district (Kattappana).Training on climate change, natural calamities and NRM for elected representatives,CDS ,kudumbasree members, farmers etc.(19/01/2022) | 126 |
| 7 | Off campus training and exhibition at cherthala -Alappuzha disrtict rejuvenation of problem soils in Alappuzha dist on 11/03/22 and 12/03/22 | 300 |
| | **SUB TOTAL** | 966 |
| | ആകെ | 2147 പേർ |

ഡയറക്ടർ

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്